THE CHURCH WEEKLY

ചർച്ച്വീക്കിലി   ഒററപ്രതി 13 നഃ പൈസ

വാല്യം XI | 1957 ജൂലൈ 21 | ലക്കം 27

"സഭ"യെ സംബന്ധിച്ചുള്ള വേദപുസ്തകധാരണ

അനേകം ക്രൈസ്തവസഭകൾ ഇന്നു് ലോകരംഗത്തു പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു. യേശുക്രിസ്തുവിന്റെ പേരിലാണു് ഈ സഭകൾ എല്ലാം നിലകൊള്ളുന്നതു്. ക്രിസ്തു സ്ഥാപിച്ച സഭ ഇങ്ങനെ അനവധി പേരുകളിലും, രൂപങ്ങളിലും, വിവിധ സംഘടനാബലത്തിലും സ്ഥിതിചെയ്യുന്നതിനെപ്പററി സാധാരണക്കാർക്കു ചിന്താക്കുഴപ്പം നേരിടാം. വിപുലമായ റോമാസഭ ചില അവകാശവാദങ്ങളും തത്വങ്ങളും പുറപ്പെടുവിക്കാറുണ്ടു്. സഭ ഒന്നാണു്. അതിന്റെ തലവൻ ഒരാളായിരിക്കണം. "കാതോലിക്കായിക്കുടത്തും ശ്ലീഹായിക്കുടത്തുമായ ഏക വിശുദ്ധസഭ" എന്നു പറയുന്നതു് റോമാസഭയാണു്. ആ ലക്ഷണങ്ങൾ എല്ലാം ആ സഭയ്ക്കുള്ളു എന്നിങ്ങനെയെല്ലാം റോമാസഭ പഠിപ്പിക്കുക പതിവാണു്. ആ വാദങ്ങൾ ചരിത്രപരവും ആദ്ധ്യാത്മികവുമായ ആധാരങ്ങൾ ചൂണ്ടിക്കാണിച്ചു് യുക്തിപൂർവ്വം ഖണ്ഡിച്ചുകൊണ്ടിരുന്നവർ തന്നെ ആ സഭയിൽ അവസാനം ചെന്നു് ചേരുന്നതും അപൂർവ്വമല്ല. ബ: വി. സി. ഗീവറുഗീസ് കത്തനാർ അവർകൾ റോമാസഭയിൽ ചേർന്നപ്പോൾ, ചർച്ച്‌വീക്കിലിയുടെ മുഖപ്രസംഗ പംക്തികളിൽക്കൂടിത്തന്നെ ചില ലേഖനങ്ങൾ റോമാസഭയുടെ വാദങ്ങളെ പണ്ഡിതോചിതമായി ഖണ്ഡിച്ച ഒരു മാന്യ വൈദികൻ ഏതാനും ദിവസങ്ങൾക്കുള്ളിൽ ആ സഭയെ ആശ്ലേഷിക്കുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം വിസ്മയത്തോടുകൂടി മാത്രമാണു് കേൾക്കുവാൻ സാധിച്ചതു്. റോമാസഭപോലെ തന്നെ ഇതരസഭകളും ഇങ്ങനെ ചില അവകാശവാദങ്ങളും തത്വങ്ങളും ഉൽഘോഷിക്കാറുണ്ടു്. റോമാസഭയുടെ സംഘടനാശക്തിയും, ധനസൗകര്യങ്ങളും ഇല്ലാത്തതുകൊണ്ടു് പ്രസ്തുത വാദങ്ങൾ അത്രതന്നെ സർവസാധാരണമായും പ്രചുരപ്രചാരമായും കേൾക്കാറില്ലെന്നേയുള്ളു. മലങ്കര സുറിയാനിസഭയുടെ കഴിഞ്ഞ അമ്പതുകൊല്ലത്തെ തുടർച്ചയായ ആഭ്യന്തരമത്സരങ്ങളും തർക്കങ്ങളും കേസുകളും ആ സഭയിലെ അംഗങ്ങളിൽ പലരേയും റോമാസഭയിലേക്കും, ഇതരസഭകളിലേക്കും നയിക്കുവാൻ ഇടയാക്കിയിട്ടുണ്ടു്. ഇപ്പോഴും പ്രാമാണികന്മാരും, വിദ്യാസമ്പന്നരുമായ പലരേയും ആ ചിന്താഗതിയിലേക്കു നയിക്കുന്നതായും ചുരുക്കംചിലർ ഇതികർത്തവ്യതാമൂഢരായി ചില തീരുമാനങ്ങൾ ചെയ്തിരിക്കുന്നതായും അറിയാൻ കഴിഞ്ഞിട്ടുണ്ടു്. ബാഹ്യ പരിതസ്ഥിതികളുടെ മർദ്ദനംകൊണ്ടു് ചില നടപടികൾ അവലംബിക്കുവാൻ നിർബന്ധിതരാകുന്ന ഈദൃശ സഭാംഗങ്ങൾക്കു് സഭയിലുണ്ടായിരുന്ന സ്വാധീനവും സ്ഥാനവും നിമിത്തം, അവരെപ്പോലെതന്നെ പാണ്ഡിത്യമൊ, ജ്ഞാനമൊ ഇല്ലാത്ത പലരേയും ചിന്താക്കുഴപ്പത്തിലേക്കു നയിക്കുവാൻ ഇടയാക്കുന്നതായും കാണാം. സഭാജീവിതം സംബന്ധിച്ചു് അസ്വാസ്ഥമായ പല വികാരങ്ങൾക്കും അധീനരായി കഴിയുന്ന സഭാംഗങ്ങളുടെ മുമ്പിൽ ചില ചിന്തകൾ സമർപ്പിക്കണമെന്നാഗ്രഹിക്കുന്നു. മലങ്കരസുറിയാനി സഭാംഗങ്ങൾ മുൻകാലങ്ങളിൽ നേരിട്ട വിധിവൈപരീത്യങ്ങളുടെ പ്രത്യാഘാതങ്ങളെ അതിജീവിച്ചു വരാണെങ്കിലും അടുത്ത കാലത്തുണ്ടായ ഹൈക്കോർട്ടു വിധിക്കുശേഷം തികച്ചും ക്രിസ്തീയമല്ലാത്ത ചില പരിഭ്രമങ്ങൾക്കോ അശുഭ പ്രതീക്ഷകൾക്കോ വശംവദരായി അന്യ സഭകളിൽ ചേരുവാൻ ഇടയാകരുതെന്നുള്ള ആഗ്രഹംകൊണ്ടുമാത്രം അവരുടെ ചിന്തയ്ക്കു ചില പരമാർത്ഥങ്ങൾ വിഷയീഭവിപ്പിക്കുകയാണു്. മലങ്കര സുറിയാനിസഭയുടെ ആഭ്യന്തര വിപ്ലവത്തിനുള്ള മൂലകാരണങ്ങൾ എന്തുതന്നെയായിരുന്നാലും, ഒരു തത്വത്തെ ആസ്പദമാക്കിയാണു് അതിന്റെ വാദങ്ങൾ ഇപ്പോൾ തുടന്നു കൊണ്ടു പോകുന്നതു്. മലങ്കരസഭയുടെ ഉൾഭരണസ്വാതന്ത്ര്യത്തിനു യാതൊരു ഭംഗവും നേരിടാത്ത ഒരു മൈത്രീബന്ധം അന്ത്യോഖ്യൻ സഭയുമായി ഉണ്ടായിരിക്കണമെന്നു ഒരു കൂട്ടരും, അതല്ല, റോമാസഭയുടെ സംഘടനാമാതൃകയിൽ ഒരു അന്ത്യോഖ്യൻ പാപ്പായുടെ കീഴിൽ മലങ്കര സഭ സ്ഥിതിചെയ്യണമെന്നു മറെറാരു കൂട്ടരും വാദിക്കുന്നു. റോമാസഭയുടെ സംഘടനാമാതൃക തെററാണെന്നും, ശരിയാണെന്നും തോന്നുന്ന വിവിധ ചിന്താഗതികൾ ലോകത്തുണ്ടു്. ഒരു കൂട്ടർ പൂർണ്ണമായി തെററാണെന്നും, മറെറ കൂട്ടർ പരിപൂർണ്ണമായി ശരിയാണെന്നും വിധിക്കുന്ന രീതിയിൽ വാദങ്ങൾ കൈകാര്യം ചെയ്യുന്നതുകൊണ്ടായിരിക്കാം ഇതുവരെയും ഒരു സമാധാനം കണ്ടുപിടിക്കാൻ കഴിയാഞ്ഞതു്. എന്നാൽ ഒരു തലമുറയിൽ നടന്ന വാദകോലാഹലങ്ങളുടെ പിന്തുടർച്ചാവകാശം ഇപ്പോഴത്തെ തലമുറ ഭരമേൽക്കുമ്പോൾ അവരവർ എവിടെയാണു് നിൽക്കുന്നതെന്നും, അവരവരുടെ നില്പു് തത്വപരമായും ചരി

ത്രപരമായും, ആദ്ധ്യാത്മികമായുമുള്ള ആധാരങ്ങൾ ഏവയാണെന്നും സുവ്യക്തമായി ധരിക്കേണ്ടതു് ആവശ്യമാണു്. അങ്ങനെ സുവ്യക്ത ധാരണകൾ ഇല്ലാതെ കഴിയുന്നതിൻെറ ഫലം കൂടെയാണു് ഓരോ ദുർഘടഘട്ടം വരുമ്പോൾ അമ്പരന്നു അപ്പോൾ കാണുന്ന വഴിയെ ഓടുന്നതു്. ആ ഓടുന്നവഴി സുരക്ഷിതസ്ഥാനങ്ങളിൽ എത്തിക്കുമെന്നും ആരും നിശ്ചയിച്ചു ഓടണ്ട. ക്രൈസ്തവസഭയുടെ പ്രാരംഭദശയിൽ റോമാസഭ, കോരിന്ത്യസഭ, കൊലോസ്യൻസഭ, എപ്പേസൂസിലെ സഭ, ഗലാത്യസഭ എന്നിങ്ങനെ പ്രാദേശികാടിസ്ഥാനത്തിലും സ്വാതന്ത്ര്യത്തിലും സഭകൾ വളൎന്നുവന്നതായി കാണാം. ഭൂമിശാസ്ത്രപരമായ വ്യത്യാസങ്ങൾ മാത്രമായിരുന്നു സഭയുടെ അതിർത്തികൾ കുറിച്ചിരുന്നതു്. എന്നാൽ ഇങ്ങനെയുള്ള വിവിധപ്രാദേശികസഭകളെ ബന്ധിപ്പിച്ചിരുന്ന ഘടകങ്ങൾ ഏകവിശ്വാസവും, അപ്പോസ്തോലികമായ കൈവെപ്പും, മാത്രമായിരുന്നു. റോമാസാമ്രാജ്യ ശക്തിയുടെ ഭരണപരമായ പ്രമാണങ്ങൾ ക്രൈസ്തവസഭയിൽ കടന്നുകൂടിയതു് ചക്രവർത്തിമാരും, രാഷ്ട്രീയനേതാക്കന്മാരും സഭയിൽ അംഗങ്ങളായി വന്നതോടുകൂടിയാണു്. പിന്നീടു് രാഷ്ട്രീയാദർശങ്ങളുടെ പരിവർത്തനങ്ങളോടുകൂടി സഭാഭരണാദർശങ്ങളും പരിവർത്തനവിധേയമായി. പ്രോട്ടസ്റ്റൻറുസഭാഭരണരീതികൾ ജനായത്തരാഷ്ട്രങ്ങളുടെ ഭരണരീതിയ്ക്കു അനുയോജ്യമാണു്. പുരാതനപൗരസ്ത്യസഭകൾ പഴയ രാജഭരണമാതൃകയും, പ്രജായത്തഭരണരീതിയും സംയോജിപ്പിച്ചുള്ള ഒരു മാതൃകയാണു് അവലംബിച്ചിരിക്കുന്നതു്. ഇങ്ങനെ ക്രിസ്തീയസഭാഭരണപുരോഗമനത്തിൽ ക്രൈസ്തവസഭയുടെ വളർച്ചയും, സർവ്വലോകവ്യാപ്തിയും പല നൂതനപരിവർത്തനങ്ങൾ വരുത്തിയെങ്കിലും, അടിസ്ഥാനപരമായ ചില തത്വങ്ങൾ പ്രാദേശികസഭകൾ പാലിക്കുന്നതിൽ ദീക്ഷിതരായിരുന്നെങ്കിൽ ക്രൈസ്തവസഭകളുടെ ഏകത്വം പരിപാലിക്കപ്പെട്ടുപോരുമായിരുന്നു. കോരിന്തിലെ സഭയ്ക്കു എപ്പേസൂസിലെ സഭയുടെമേൽ നിയന്ത്രണമൊ, ഭരണാധികാരമൊ ഇല്ലായിരുന്നെങ്കിലും, രണ്ടു സഭകളും ഒരേ വിശ്വാസസംഹിതയും, ക്രൈസ്തവപ്രമാണങ്ങളും മൂലം സ്വബന്ധിതരായിരുന്നു. അങ്ങനെയുള്ള വിശ്വാസപ്രമാണങ്ങളുടെ നിലനില്പിനു ആവശ്യമായ സഹകരണവും, നിഷ്ടയും, സുന്നഹദോസുകൾ മൂലം സംരക്ഷിച്ചുപോന്നു. സുന്നഹദോസുകൾ അധികാരമോഹങ്ങളുടെയും, സ്വാധീനശക്തികളുടെയും, വടംവലികൾക്കു വിധേയമായപ്പോൾ സഭ ഛിന്നഭിന്നമായി. ഓരോസഭയും ലോകവ്യാപകത്വത്തിനും സർവ്വാധിപത്യത്തിനും, സ്വന്തം കാര്യം നോക്കാനുമുള്ള സംഘടനകളെയും അധിപന്മാരെയും സൃഷ്ടിച്ചു് പുരോഗമിച്ചു. ചില സഭകൾ നൂററാണ്ടുകൾ കഴിഞ്ഞപ്പോൾ അധ:പതിക്കാനും ഇടയായിട്ടുണ്ടു്. രാഷ്ട്രീയവും സാമൂഹ്യവുമായ പരിവർത്തനങ്ങൾ സഭയുടെ നിലയെയും ബാധിച്ചു മാററങ്ങൾ വരുത്തി. എന്നാൽ ഈ ചരിത്രശതാബ്ദങ്ങൾ കടന്നു നാം ക്രൈസ്തവസഭാചരിത്രത്തിൻെറ പ്രഭാതകാലത്തിലേക്കു ചെന്നാൽ, ചെറിയ ചെറിയ സഭകൾ പ്രശാന്തമായ ക്രൈസ്തവസാഹോദര്യത്തിലും, സഹകരണത്തിലും വിശ്വാസനിഷ്ഠയിലും സ്വബന്ധിതരായി നിന്നുവെന്നു കാണാം. സംഘടനാശക്തിയൊ ഭരണാധികാരമൊ മാത്രം സഭാജീവിതത്തിൻെറ ആണിക്കല്ലായി നാം കരുതേണ്ടതില്ല. അവയെ ആണിക്കല്ലായി കരുതുമ്പോൾ മാത്രമാണു് അവയുടെ പേരിൽ സഭാമാററങ്ങൾക്കു നാം വശംവദരാകുന്നതു്. സഭയുടെ ഭൂമിശാസ്ത്രപരിധികൾ, ആധുനികശാസ്ത്രീയ പുരോഗതി മൂലം കൂടുതൽ വിസ്തൃതമായിട്ടുണ്ടു്. ഇന്ത്യയിലെ സഭ, യൂറോപ്പിലെയോ, മദ്ധ്യേഷ്യയിലെയോ ആഫ്രിക്കയിലെയോ അമേരിക്കയിലെയൊ സഭകളുമായി സൗഹാർദ്ദസഹകരണബന്ധത്തിൽ കഴിയണമെന്നല്ലാതെ അവയുടെ ഭരണത്തിൻ കീഴിൽ നടന്നുകൊള്ളണമെന്നുള്ള ഒരു നിർബന്ധം ഇൻഡ്യയിലുള്ളവർക്കോ മററു സ്ഥലങ്ങളിൽ ഉള്ളവർക്കോ തോന്നരുതാത്തതാണു്. ചില ചരിത്രപരമായ കാരണങ്ങൾമൂലം കുറെനാൾ അങ്ങനെവല്ലതും വന്നുകൂടിയിരുന്നാൽതന്നെ, ആ സ്ഥിതി മാററുവാനാണു് ക്രൈസ്തവപാരമ്പര്യത്തെ ആദരിക്കുന്ന സഭകൾ ചെയ്തുപോരുന്നതു്. പാശ്ചാത്യമിഷനറിവേലകളുടെ ഫലമായി ഏഷ്യയിലും, ആഫ്രിക്കയിലും, ഓസ്ട്രേലിയായിലും സ്ഥാപിതമായ സഭകൾ ഒന്നും ഇപ്പോൾ പാശ്ചാത്യസഭകളുടെ കീഴിലല്ല. എന്നാൽ അവരുമായി ഉററ സമ്പർക്കവും സഹകരണവും തുടർന്നു പാലിക്കുന്നുമുണ്ടു്. ഇങ്ങനെയുള്ള ഒരു സൗഹാർദ്ദസഹകരണബന്ധവും, വിശ്വാസപരമായ ഐക്യവും ആണു് ലോകക്രൈസ്തവസഭാദർശമായി നില കൊള്ളേണ്ടതു്. അതിൽതാണു നയവ്യതിയാനങ്ങൾ ആത്യന്തികമായ അപഗ്രഥനത്തിൽ ക്രൈസ്തവമനോഭാവത്തിനും ആദ്ധ്യാത്മികപാരമ്പര്യത്തിനും ചേർന്നതല്ലെന്നു കാണുവാൻ വലിയ വിഷമമില്ല.

—0—

ദിബാങ്ക് ഓഫ് ന്യൂ ഇൻഡ്യാ (ക്ലിപ്തം)

H.O. തിരുവനന്തപുരം

ചെയർമാൻ—മി: കെ. ജോർജ്ജ് ബി. എ.

ശാഖകൾ

ആലപ്പുഴ, ആലുവാ, ചാത്തന്നൂർ, ചെങ്ങന്നൂർ, ചിറയിൻകീഴ്, എറണാകുളം, കോട്ടയം, കോഴഞ്ചേരി, കുമ്പനാട്ട്, പന്തളം, പത്തനംതിട്ട, പുനലൂർ, തിരുവല്ലാ, തിരുവനന്തപുരം, വക്കം (കടയ്ക്കാവൂർ), വെണ്ണിക്കുളം, പെരുമ്പാവൂർ

കെ. ഇ. ചെറിയാൻ

ജനറൽ മാനേജർ.

(തുടർക്കഥ—രണ്ടു സ്നേഹിതന്മാർ

അദ്ധ്യായം 23

കഠിനമായ ന്യൂമോണിയാ

(എം. കുര്യൻ)

കൂടെ യാത്ര ചെയ്ത ഭടസമൂഹത്തോടു പിസിദിയൻ അന്ത്യോഖ്യയിൽവച്ചു യാത്രപറഞ്ഞു്, പ്രോബസും ലൂക്കോസും, അപ്പോളോണിയസിനെ ഒരു വണ്ടിയിൽ കിടത്തി, റോമൻ പെരുവഴിയിലൂടെ ദക്ഷിണാഭിമുഖമായി യാത്ര തുടർന്നു. തർസോസിലെത്തി. അവിടെനിന്നു് സിറിയൻ അന്ത്യോഖ്യയിലേക്കു കപ്പൽമാർഗ്ഗം പോകുന്നപക്ഷം യാത്രാദൈർഘ്യം കുറെ കുറഞ്ഞുകിട്ടും. അതാണു് അവരുടെ ലക്ഷ്യം.

റോഡു നിറഞ്ഞു് രണ്ടു നിരകളിലായി നടന്നുപോകുന്ന വിചിത്രമായ കാരവാൻ സംഘത്തെയോ പ്രകൃതി ദൃശ്യതകളെയോ ലൂക്കോസ് ശ്രദ്ധിക്കുന്നില്ല. തൻെറ സഹോദരൻെറ ഗണ്ഡതലങ്ങളിലെ നിറക്കൂടുതലും ശ്വാസവേഗവും വഴിക്കുവച്ചു കിട്ടിയ ഒരു ഞരക്കച്ചുമയും ആ യുവാവു് ഔത്സുക്യപൂർവ്വം നോക്കിക്കൊണ്ടിരിക്കുകയാണു്. പനി വർദ്ധിച്ചതോടെ രോഗിയുടെ കണ്ണുകളുടെ തിളക്കം കൂടി; കൂടക്കൂടെ സംസാരിക്കാനും തുടങ്ങി. പലപ്പോഴും പറയുന്നവയ്ക്കു തമ്മിൽ പൂർവ്വാപരബന്ധമൊന്നും കണ്ടെത്തിരിക്കയില്ല. മുറിവു പററിയ ഭാഗത്തുനിന്നു ദൂരെ മാറി നെഞ്ചിൽ ഒരിടത്തു വേദനിക്കുന്നുവെന്നു രോഗി ഒരു ദിവസം പറയുകയും ഒരുമാതിരി വരണ്ട കഫം ചുമച്ചുതുപ്പുകയും ചെയ്തപ്പോൾ, ന്യൂമോണിയാ കയറി യാക്രമിച്ചു കഴിഞ്ഞുവെന്നു് ലൂക്കോസു നിശ്ചയിച്ചു.

വിവരം കേട്ടു് പ്രോബസ് നെററി ചുളിച്ചു; "അങ്ങനെയെങ്കിൽ നാം എന്തെടുക്കണം? തർസോസിലേയ്ക്കു് ഇനിയും രണ്ടു ദിവസത്തെ ദൂരമുണ്ടു്. അത്രയും ദൂരം ഈ നിലയിൽ യാത്ര ചെയ്യുന്നതു് ഭദ്രമാണോ?"

"നമുക്കു് മററു മാർഗ്ഗമില്ല. ഒരു രോഗിയെ കിടത്തി ചികിത്സിക്കാൻ പററിയതായിതർസോസിനേക്കാൾ സമീപത്തു് ഏതു സ്ഥലമുണ്ടു്?"

അവർ കിലിക്ക്യാ ഗേററിനുസമീപിച്ചതോടെ രോഗിയുടെ നില ഗുരുതരമായിത്തീർന്നു. ഡോക്ടർ പഠിച്ചിട്ടുള്ള പണിയെല്ലാം നോക്കുന്നുണ്ടു്. കൈവശമുള്ള മരുന്നുകൾ എല്ലാംതന്നെ പ്രയോഗിച്ചുനോക്കി. പക്ഷേ ഗുണമൊന്നും കാണുന്നില്ല. ഹിപ്പോക്രത്തീസിൻെറ പ്രാചീനവിധികളിൽ ന്യൂമോണിയാരോഗത്തിനു നിർദ്ദേശിച്ചിട്ടുള്ള ഔഷധപ്രയോഗങ്ങളൊക്കെ കഴിച്ചുനോക്കി. വണ്ടി നാഴിക ഓരോന്നായി പിന്നിട്ടുകൊണ്ടിരുന്നു. അതോടൊപ്പം, രോഗി മരിച്ചുപോയേക്കുമെന്നുള്ള ഡോക്ടരുടെ അഭിപ്രായത്തിൻെറ ദൃഢതയും കൂടിക്കൊണ്ടിരുന്നു.

മറെറാരു സന്ദർഭത്തിലായിരുന്നെങ്കിൽ അവർ കടന്നുപോകുന്ന ആ പ്രദേശം ലൂക്കോസിനു് ഹൃദയാവർജ്ജകമായിരുന്നേനേ. ചരിത്രം സൃഷ്ടിച്ച ഭൂവിഭാഗമാണവിടം. കിഴക്കുനിന്നും തെക്കുനിന്നും ഇരച്ചെത്തിയ പുരുഷാരങ്ങൾക്കു് ലൈക്കോണിയൻ സമതലത്തിലേക്കു പ്രവേശം അനുവദിച്ച കിലിക്കിയൻഗേററു് എന്ന പർവ്വതദുർഗ്ഗം പ്രസിദ്ധിപ്പെററതാണു്. യൂഫ്രട്ടീസിൽനിന്നു് കിഴക്കോട്ടും സിറിയൻ അന്ത്യോഖ്യയിൽനിന്നു തെക്കോട്ടും നീണ്ടുകിടക്കുന്ന പാതകൾ കൂടിച്ചേർന്നുണ്ടാകുന്ന പ്രധാന വാണിജ്യമാർഗ്ഗങ്ങൾ ആ ദുർഗ്ഗത്തിലൂടെയാണു് കടന്നുപോകുന്നതു്. തർസോസുപട്ടണത്തിൽനിന്നു വടക്കോട്ടു്, ചിററാസ്യ പിടിച്ചടക്കാനായി പേർഷ്യൻപട്ടാളക്കാർ ഊന്നിറങ്ങിയ കഥ വിസ്തരിക്കത്തക്കതല്ല. ഇസ്സസ് സമതലത്തിൽവച്ചു് ഡാറിയുസിൻെറ സൈന്യങ്ങളോടു പടപൊരുതാൻവേണ്ടി അലക്സാണ്ടരുടെ കരുത്തൻപട്ടാളശേഖരം തെക്കോട്ടു് ഒഴുകിയ സംഭവത്തെപ്പററിയ സ്മരണകളും മറെറാരു സന്ദർഭത്തിൽ ലൂക്കോസിനെ വികാരവിവശനാക്കാൻ പോരുന്നതായിരുന്നു.

മാറി മാറി വന്ന കൈസറന്മാരുടെ ഭരണത്തിൽ, റോമാക്കാർ ചുരങ്കംവഴി ചാടിയിറങ്ങി, ഫലഭൂയിഷ്ഠമായ സമതലങ്ങളും തുറമുഖങ്ങളുമെല്ലാം ആക്രമിച്ചു കീഴടക്കി അവിടെ ആധിപത്യം നടത്തിപ്പോന്നു. അവർ ചെല്ലുന്ന മററു സ്ഥലങ്ങളിലെന്നപോലെ ഈ പ്രദേശത്തും അവർ റോഡുകൾ വെട്ടിക്കുകയും സുശക്തമായ ഭരണത്തിനേർപ്പാടു ചെയ്യുകയും ചെയ്തു. തൽഫലമായി ഇന്നു് നീണ്ടകാരവാൻ സംഘങ്ങൾക്കു് മനുഷ്യൻ ആദ്യം പിറന്ന നാട്ടിൽ നിന്നു് എഫേസോസിലേക്കും റോമാക്കാരുടെ നഗരങ്ങളിലേക്കുമെല്ലാം സുരക്ഷിതബോധത്തോടെ യാത്ര ചെയ്യാമെന്നായിട്ടുണ്ടു്. ഒരായിരം കൊല്ലമായി, തർസോസ് ഇപ്രദേശത്തെ ഒരു സുപ്രധാന നഗരമായിത്തീർന്നിട്ടു്. നഗരത്തിൻെറ നടുവിലൂടെ ഒഴുകുന്ന സിഡ്നസ് നദിവഴി സമുദ്രത്തിലെത്തുക എളുപ്പമാണു്. കരദേശവ്യാപാരം സംബന്ധിച്ചു മാത്രമല്ല, കപ്പൽ ഗതാഗതസംബന്ധമായും അങ്ങനെ തർസോസിനു് ഒരു സമുന്നതസ്ഥാനമാണുള്ളതു്. ഏഷ്യയിൽ കൂടാരനിർമ്മിതിക്കു് തർസോസിനോളം പേരുകേട്ട മറെറാരു നഗരമില്ല.

വണ്ടി കിലിക്യാഗേററു കടന്നു് സമതലത്തിലൂടെ ഒരു നാൽപ്പതു മൈൽ സഞ്ചരിക്കുന്ന വേളയിൽ ലൂക്കോസ് തിരക്കിട്ടു് പണിയെടുക്കുകയായിരുന്നു. അപ്പൊളോണിയസിൻെറ അസുഖപ്രദമായ ശ്വാസോച്ഛ്വാസശബ്ദം വണ്ടിക്കകത്തു നിറഞ്ഞു. പിച്ചും പേയും പറഞ്ഞു, കൈകാലിട്ടടിക്കുന്ന ആ യുവാവിനെ നിയന്ത്രിക്കുന്നതിനു് ലൂക്കോസിൻെറ മുഴുവൻ ശക്തിയും ഒരു കൈ ഒടിഞ്ഞ പ്രോബസിൻെറ ശേഷിച്ച ശക്തിയും വേണ്ടിവന്നു. രോഗി ഒന്നു മയങ്ങിയപ്പോൾ പ്രോബസ് പറഞ്ഞു: "തർസോസിൽ നമുക്കു് എവിടെ പാർക്കാനൊക്കുമോ! സത്രം സൂക്ഷിപ്പുകാർ പ്രായേണ അന്ധവിശ്വാസികളാണു്. തങ്ങളുടെ സത്രത്തിൽ കിടന്നു് ചാകാൻ സാദ്ധ്യതയുള്ള ആളിനു് അവർ സ്ഥലം നൽകുമെന്നു തോന്നുന്നില്ല."

ലൂക്കോസും അതേ പ്രശ്നത്തെപ്പററി ഉൽക്കണ്ഠയോടെ ആലോചിക്കുകയായിരുന്നു. പെട്ടെന്നൊരു ചിന്ത തോന്നി. അയന്യാസും

വിശ്വാസം എന്നാൽ എന്തു്?

By Miss Annie M. Thommen

A Paper read for a Symposium on Faith at the Union Christian College.

വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നു ഗുണങ്ങളെ ഖണ്ഡിതമായി വിഭാഗിച്ചു് മൂന്നു് വ്യത്യസ്ഥമണ്ഡലങ്ങളിൽ സ്ഥാപിച്ചു നിറുത്തുക ഏതാണ്ടു് അസാദ്ധ്യമെന്നുതന്നെ പറയാം. അവ അത്രമാത്രം അന്യോന്യബന്ധിതങ്ങളാണു്. അതിനാൽ പ്രത്യാശ, സ്നേഹം ഇവയെ സ്പർശിക്കാതെ വിശ്വാസത്തെ വേറിട്ടെടുത്തു് നിർവചിച്ചു വ്യക്തമാക്കുവാൻ കുറച്ചു പ്രയാസമാണു്.

'യഥാർത്ഥമല്ലെന്നു ബോദ്ധ്യമുള്ള കാര്യങ്ങൾ വിശ്വസിക്കുവാനുള്ള മനസ്സൊരുക്കം' എന്നു് വിശ്വാസത്തെ ചിലർ നിർവചിച്ചു കാണുന്നുണ്ടു്. ഒരു അടിമത്വമനോഭാവത്തിനു് വിധേയമായിട്ടുള്ള വിശ്വാസത്തെക്കുറിച്ചു മാത്രമെ ഇങ്ങനെ പറയുവാൻ നിവൃത്തിയുള്ളു. അതിനാൽ ഈ നിർവ്വചനത്തെ നമുക്കു തൽക്കാലം അസ്വീകാര്യമായിക്കരുതാം.

What is Faith എന്നുള്ള ചോദ്യത്തിനു് ഉത്തരം പറയുമ്പോൾ Faith—നു് സാധാരണ വീക്ഷണഗതിയിൽ ഉള്ള അർത്ഥമെന്തെന്നു് ആദ്യമൊന്നു് ചിന്തിക്കുന്നതു നന്നായിരിക്കും. മലയാളത്തിൽ വിശ്വാസം എന്ന പദത്തിന്റെ സ്ഥാനത്തു് ഇംഗ്ലീഷിൽ Faith എന്നും belief എന്നും രണ്ടുപദങ്ങളുണ്ടു്. ഏതെങ്കിലും ഒരു ആശയത്തെ അല്ലെങ്കിൽ പ്രസ്താവനയെ യഥാർത്ഥമെന്നു് കരുതി അതിനെ സ്വീകരിക്കുവാനുള്ള മനസ്സൊരുക്കമാണു് belief. Faith എന്നു പറയുമ്പോൾ സ്വന്തഭാരം മുഴുവനും ഒരു വ്യക്തിയിൽ സമർപ്പിക്കുവാനുള്ള മാനോഭാവമാണു് ഉദ്ദേശിക്കപ്പെടുന്നതു്. ഭാരവാഹിക്കു് ആ ഭാരം മുഴുവൻ താങ്ങുവാനുള്ള കെൽപുണ്ടെന്നും തന്റെ ഭാരം മുഴുവൻ ആ വ്യക്തിയിൽ നിക്ഷേപിക്കുവാൻ താൻ തയ്യാറാണെന്നുമുള്ള ഉറപ്പും തദനുസൃതമായ പ്രവൃത്തിയും ആണതിൽ അന്തർഭവിച്ചിരിക്കുന്നതു്. Belief deals with ideas and faith is a relationship between one person and another person. അവ തമ്മിലുള്ള വ്യത്യാസമിതാണു്.

ഒരാളിൽ പൂർണ്ണവിശ്വാസം അർപ്പിക്കണമെങ്കിൽ ആ വ്യക്തിയെപ്പററി ചിലതെല്ലാം നമുക്കു് അറിവുണ്ടായിരിക്കണം. അയാളുടെ സ്വഭവം എങ്ങിനെയുള്ളതാണു്, അയാൾ ഇതുവരെ പ്രവർത്തിച്ചിട്ടുള്ളതെന്താണു്, ഇപ്പോൾ പ്രവർത്തിക്കുന്നതെങ്ങിനെയാണു്, ഇനിയും മേലിലും എന്തു പ്രവർത്തിക്കുമെന്നു് നമുക്കു കരുതാം എന്നിങ്ങനെയുള്ള ചില അറിവുകളാണു് നമുക്കാവശ്യമുള്ളതു്. ഏവംവിധങ്ങളായ ചോദ്യങ്ങൾക്കുത്തരമായി ഒരു മനുഷ്യനെക്കുറിച്ചു നമുക്കു ലഭിക്കുന്ന അറിവുകൾ സ്വീകാര്യമെങ്കിൽ അവയെ നമ്മുടെ ഓരോ belief ആയിക്കരുതാം. ഈ belief അയാളിലുള്ള Faith-നു് നമ്മെ സഹായിക്കുന്നു. അതിനാൽ belief, Faith-നു് പ്രേരകമാണു്. അഥവാ സഹായകമാണു് എന്നുപറയാം. വിശ്വാസയോഗ്യനെന്നു ബോദ്ധ്യമുള്ള ഒരു വ്യക്തിയിൽ പൂർണ്ണവിശ്വാസം അർപ്പിക്കുന്നതാണു് Faith. ഈ പ്രപഞ്ചത്തെ മുഴുവൻ ഭരിച്ചു പരിപാലിക്കുന്നവനും സകല കഴിവുകളുടെയും കേദാരവുമായ ഒരു പരാശക്തിയെ ദൈവമായി മനുഷ്യർ ആദിമകാലം മുതൽ പൂജിച്ചുപോരുന്നു. ആ ദൈവത്തിന്റെ സ്വഭാവ

സ്ഥിരതയിലുള്ള ബോദ്ധ്യം അഥവാ confidence മൂലം സ്വന്തഭാരം മുഴുവൻ ആ ദൈവത്തിൽ സമർപ്പിച്ചു ജീവിക്കുവാനുള്ള ഒരു മനോഭാവമാണു് ഇവിടെ faith എന്ന പദംകൊണ്ടു് ഉദ്ദേശിക്കുന്ന അർത്ഥം. അതിനാൽ ദൈവം നമ്മെ നടത്തി പരിപാലിക്കുവാൻ മതിയായവനാണെന്നുള്ള ബോദ്ധ്യത്തോടുകൂടി നമ്മെ മുഴുവനായും ദൈവത്തിൽ ഭരമേല്പിച്ചു് തന്റെ നായകത്വത്തിനു് പൂർണ്ണമായും വിധേയമായി ജീവിക്കുവാനുള്ള മനോഭാവമാണു് faith എന്നു് അതിനൊരു നിർവ്വചനം കല്പിക്കുന്നതിൽ വലിയ അപാകതയുണ്ടായിരിക്കയില്ല.

ഈ നിർവചനത്തിന്റെ വെളിച്ചത്തിൽ നമുക്കു് പഴയ നിയമകാലത്തെയും പുതിയ നിയമ കാലത്തെയും വിശ്വാസത്തെക്കുറിച്ചു് സ്വല്പമായിട്ടൊന്നു ചിന്തിക്കാം. പഴയനിയമകാലത്തു് ദൈവത്തിന്റെ ജനം ദൈവത്തെ പൂർണ്ണമായി അറിഞ്ഞിരുന്നില്ലെങ്കിലും അവർക്കു് ദൈവത്തിലുള്ള വിശ്വാസം എത്രയോ, ആഴമേറിയതായിരുന്നു എന്നു നോഹ, അബ്രഹാം, മോശ, ഏലിയാപ്രവാചകൻ എന്നിങ്ങനെയുള്ള പലരുടെയും ജീവിതകഥകൾ വിളിച്ചറിയിക്കുന്നുണ്ടു്. എബ്രായലേഖനം 11–ാം അദ്ധ്യായം ഒന്നു വായിച്ചുനോക്കുക. പൗലൂസ് അപ്പോസ്തലൻ തന്നെ പഴയനിയമകാലത്തെ വിശ്വാസത്തെക്കുറിച്ചു് എത്ര പൂർണ്ണമായ ഒന്നായിട്ടാണു് പറയുന്നതു്.

എന്നാൽ പുതിയ നിയമകാലത്തു് വിശ്വാസം കുറച്ചുകൂടി ദൃഢതയുള്ളതായിത്തീർന്നു. യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം ദൈവത്തിന്റെ വെളിപാടിനെ പൂർത്തീകരിച്ചു. സ്നേഹിക്കുന്ന ഒരു സ്വർഗ്ഗസ്ഥപിതാവാണു് ദൈവം എന്നു് യേശുക്രിസ്തു ലോകത്തെ അറിയിച്ചു. ദൈവസ്വഭാവത്തെക്കുറിച്ചു് പൂർണ്ണജ്ഞാനമില്ലായിരുന്ന പഴയ നിയമകാലത്തു് വിശ്വാസംതെരഞ്ഞെടുക്കപ്പെട്ട ചിലർക്കു മാത്രം പ്രായോഗികമായിരുന്ന ഒന്നായിരുന്നു. യേശുക്രിസ്തു ദൈവത്തെ പൂർണ്ണമായി ലോകത്തിനു വെളിപ്പെടുത്തുകയും തന്റെ സ്നേഹത്തെയും കാരുണ്യത്തെയും സ്വഭാവസ്ഥിരതയെയും കുറിച്ചു് ജനങ്ങളെ പഠിപ്പിക്കുകയും ചെയ്തു. ഇപ്രകാരം അദ്ദേഹം ദൈവത്തിലുള്ള വിശ്വാസത്തിന്റെ കവാടം എല്ലാ മനുഷ്യർക്കുമായി തുറന്നുകൊടുത്തു. ഇങ്ങനെ ദൈവത്തിന്റെ സ്വഭാവസ്ഥിരതയിലുള്ള ഉറപ്പുമൂലം പ്രായോഗികമായിത്തീർന്ന ഒരു വിശ്വാസമാണു് പുതിയ നിയമകാലത്തേതു്. പഴയനിയമകാലത്തെയും പുതിയനിയമകാലത്തെയും വിശ്വാസങ്ങൾ തമ്മിലുള്ള വ്യത്യാസമിതാണു്.

ഇന്നു് ദൈവം തന്നിൽ വിശ്വസിക്കുവാനുള്ള അവസരം നമുക്കോരോരുത്തർക്കും തുറന്നു തന്നിരിക്കുന്നു. ആ മഹാഭാഗ്യത്തിലേക്കു് താൻ നമ്മെ ക്ഷണിക്കുകയാണു്. നമുക്കു് ദൈവസ്വഭാവത്തിന്റെ വിശ്വസനീയതയേപ്പററി പൂർണ്ണനിശ്ചയമുണ്ടു്. താൻ വിശ്വാസയോഗ്യനാണെന്നു് നമുക്കറിയാം. അപ്പോൾ ഏതു തരത്തിലുള്ള ഒരു വിശ്വാസമായിരിക്കും ദൈവം നമ്മിൽനിന്നു് പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നതു്? ഇതു് നാം അഭിമുഖീകരിക്കേണ്ട ഒരു പ്രശ്നമാണു്. നമ്മുടെ ജീവിതത്തിന്റെ കടിഞ്ഞാൺ ദൈവത്തിന്റെ കൈയ്യിൽ കൊടുത്തിട്ടു് താൻ നയിക്കുംപ്രകാരം മുൻപോട്ടു പോകുവാൻ, നമ്മുടെ സർവ്വഭാരങ്ങളെയും ദൈവത്തിൽ സമർപ്പിച്ചു് മനശ്ശാന്തി നേടുവാൻ, അനിശ്ചിതമായ ഭാവിയുടെ ഭയത്തിൽ അകപ്പെടാതെ ജീവിക്കുവാൻ, നമുക്കു സാധിക്കണം. നമ്മുടെ വിശ്വാസത്തിനു് അത്രമാത്രം ആഴം ഉണ്ടായിരിക്കണം. അപ്പോൾ മാത്രമെ വിശ്വാസത്തിനു് ആധുനികകാലത്തുകൊടുക്കുന്ന അർത്ഥവ്യാപ്തി നമ്മുടെ വിശ്വാസത്തിനും ഉണ്ടായിരിക്കുകയുള്ളു.

ക്രിസ്തീയ പ്രസിദ്ധീകരണങ്ങളും പ്രചരണവും

ക്രൈസ്തവർ കൂടുതൽ ഉണരണം

(കെ. വി. മാമ്മൻ ബി. എ.)

മലയാളഭാഷയിൽ, ഉത്തമാദർശങ്ങൾ ഉൾക്കൊള്ളുന്ന ക്രിസ്തീയ ഗ്രന്ഥങ്ങൾ വളരെ പരിമിതമാണു്. ഇതു് കേരളത്തിലെ ക്രിസ്ത്യാനികൾക്കു് ഒരു ന്യൂനതയുമാണു്. പരിഹാരം അത്യന്താപേക്ഷിതം. ക്രിസ്തീയ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുക മാത്രമല്ല, പ്രചരിപ്പിക്കുകയും വേണ്ടിയിരിക്കുന്നു. ഈ സരണിയിൽ കുറച്ചെങ്കിലും പ്രവർത്തിക്കുന്നവരെ നിരുൽസാഹപ്പെടുത്തിയിട്ടുള്ള പാരമ്പര്യമേ കേരളത്തിലെ ക്രിസ്ത്യാനികൾക്കുള്ളു.

ക്രിസ്ത്യാനികൾ മാത്രമല്ല എല്ലാവരും ഭൗതികധനാർജ്ജനത്തിൽ മാത്രം ആസക്തരായിരിക്കുകയാണു്. ജീവിതത്തെ ഡോളർ, പവൻ, സെൻറു്, രൂപാ എന്നിവയുടെ അടിസ്ഥാനത്തിൽ തൂക്കിനോക്കുന്ന ആധുനിക സാമൂഹ്യവ്യവസ്ഥിതിയിൽ ഒരു സമൂലപരിവർത്തനം വരാത്തപക്ഷം ലോകം ശാശ്വതമായ ജീവിതമൂല്യങ്ങളെ അവഗണിക്കുന്നുവെന്നു വേണം കരുതാൻ. അമിത ഭൗതിക ജീവിതസുഖത്തിനു വിഘാതമായി നിൽക്കുന്ന ബൈബിളും സന്മാർഗ്ഗികജീവിത ഗ്രന്ഥങ്ങളും ഈ ചുററുപാടിൽ പ്രചരിക്കാത്തതിൽ അത്ഭുതപ്പെടാനുമില്ല. കൂടാതെ ആഴമായി ചിന്തിക്കുകയും വിജ്ഞാനം ആർജ്ജിക്കുകയും ചെയ്യുന്ന ഒരു മനോഭാവം ക്രിസ്ത്യാനികളിൽ കുറഞ്ഞുവരികയുമാണു്. അങ്ങനെ ഈ ലോകരംഗത്തിൽ മാത്രം കടന്നു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 'സമർത്ഥന്മാരെ' സന്മാർഗ്ഗപരമായ ഒരു വഴിയിലേക്കു തിരിച്ചു വിടുക ക്ഷിപ്രസാദ്ധ്യമല്ല.

ഒരു സഭാംഗമായിരിക്കുക, കുടുംബപ്രാർത്ഥന (ഇങ്ങനെയൊന്നു അമേരിക്ക തുടങ്ങിയ രാജ്യങ്ങളിലെപ്പോലെ കേരളത്തിലെ പല കൊള്ളാവുന്ന ക്രിസ്തീയ ഭവനങ്ങളിലുമിപ്പോൾ ഇല്ല.) നടത്തുക, വല്ലപ്പോഴും പള്ളിയിൽ പോകുക, പ്രസംഗം അല്പം പുച്ഛഭാവത്തോടുകൂടി കേൾക്കുക, വേദപുസ്തകത്തിന്റെ പേജുകൾ ചിലപ്പോൾ മറിക്കുക, തുടങ്ങിയവയിൽമാത്രമാണു് ഇപ്പോൾ ക്രിസ്തീയ ജീവിതം അവശേഷിക്കുന്നതെങ്കിൽ ഭാവി ഭയാനകമാണെന്നുള്ളതിനു് ജ്യോതിഷംനോക്കേണ്ട കാര്യമില്ല. അതിനും പുറമെ ജീവിതത്തിൽ ഒരിക്കലായി നൽകപ്പെ

മറിയാമ്നെയും! എന്തുകൊണ്ടു് അവരെപ്പററി നേരത്തെ ഓർത്തില്ല? മറിയാമ്നെയുടെ എഴുത്തിൽ, അവർ തർസോസിലേക്കു് ഓടിപ്പോകുന്നെന്നു പറഞ്ഞിരുന്നല്ലൊ. അനന്യാസ് ഒരു സുഹൃത്തു മാത്രമല്ല, രോഗങ്ങൾ സുഖപ്പെടുത്തുന്നവൻ കൂടിയാണു്.

ലൂക്കോസിന്റെ ചിന്തകളെപ്പററി പറഞ്ഞുകേട്ടപ്പോൾ പ്രോബസ് ചോദിച്ചു: "പക്ഷേ! നാം എങ്ങനെ അവരെ കണ്ടുപിടിക്കും? ഇതു് തുണിനെയ്ത്തുകാരുടെ ഒരു നഗരമാണെന്നോർക്കണം. അവിടെ ഒരു നെയ്ത്തുകാരനെ തെരക്കി കണ്ടുപിടിക്കുക അത്ര എളുപ്പമൊന്നുമല്ല."

"അനന്യാസ് യേശുവിന്റെ ഒരു അനുയായിയാണു്. നെയ്ത്തുകാരുടെ സമൂഹത്തിലാരെങ്കിലും ആ മനുഷ്യനെ അക്കാരണം കൊണ്ടെങ്കിലും അറിയാതിരിക്കില്ല."

ഏതായാലും, പ്രതീക്ഷിച്ചതിനേക്കാളൊക്കെ വേഗത്തിൽ അനന്യാസിനെ കണ്ടുപിടിക്കാൻ അവർക്കു കഴിഞ്ഞു. വണ്ടി നഗരത്തിനുള്ളിൽ പ്രവേശിച്ചയുടനെ, ഒരു തെരുവുകോണിൽ നിന്നു് ജനക്കൂട്ടത്തോടു പ്രസംഗിക്കുന്ന ഒരാൾ "ക്രിസ്തു" എന്നപദം ഉച്ചരിക്കുന്നതു് പ്രോബസ് കേട്ടു. "ആ മനുഷ്യൻ നസ്രായന്റെ കൂട്ടത്തിൽ പെട്ടവൻ തന്നെയെന്നു തോന്നുന്നു" പ്രോബസ് ലൂക്കോസിനെ വിളിച്ചു: "ഒരുപക്ഷേ നിന്റെ സ്നേഹിതന്മാരുടെ വൃത്താന്തം അയാൾക്കറിയാമായിരിക്കും."

നരച്ചുവെളുത്ത താടിയോടുകൂടിയ ഒരു ദീർഘകായനായിരുന്നു പ്രസംഗകൻ. ലൂക്കോസ് അടുത്തു ചെന്നു അയാളുടെ മേലങ്കിക്കു പിടിച്ചു പതിയെ വലിച്ചു. ആ മനുഷ്യൻ തിരിഞ്ഞു്, ദയാപുരസ്സരം ചോദിച്ചു:– "എന്താണു്, സഹോദരാ! യേശുവിന്റെ വാക്കുകൾ പഠിപ്പിക്കുന്ന എന്നെ തടസ്സപ്പെടുത്തത്തക്കതായി, അത്രയേറെ പ്രാധാന്യമുള്ള ആ കാര്യമെന്താണു്?"

"ഒരു നെയ്ത്തുകാരനും യേശുവിന്റെ ഒരു അനുയായിയുമായ അനന്യാസിന്റെ വീടു് എവിടെയാണെന്നറിയണം. എന്റെ സഹോദരൻ ആ വണ്ടിയിൽ കിടക്കുന്നു. നിമിഷംപ്രതി മരണത്തെ സമീപിച്ചുകൊണ്ടിരിക്കുന്നു. എന്റെ സഹോദരനെ സുഖപ്പെടുത്താൻ അനന്യാസിനു കഴിയുമായിരിക്കണം."

പ്രസംഗകൻ ഉടൻ മറുപടി നൽകി. "ഞാൻ നിങ്ങളെ വീടു കാണിക്കാം." ആ മനുഷ്യൻ ഉടൻതന്നെ ഇറങ്ങിവന്നു:

"യേശുവിന്റെ അനുയായികളിൽ അനന്യാസിനോളം സമർത്ഥനായി മററാരുമില്ല. നിന്റെ ജ്യേഷ്ഠൻ സുഖക്കേടു ഭേദമായി എഴുന്നേൽക്കാൻ വേണ്ടി ഞങ്ങളെല്ലാം അവനുവേണ്ടി പ്രാർത്ഥിക്കാം. നിന്റെ സഹോദരൻ ജീവനോടിരിക്കണമെന്നതു് ദൈവഹിതമാണെന്നു വരുകിൽ, ദൈവം അതിനു് വഴി നോക്കിക്കൊള്ളും.

പട്ടക്കാരുടെ പെരുപ്പം ഒരു പ്രശ്നം

തൊഴിലില്ലായ്മ വർദ്ധിച്ചതോടുകൂടി, പട്ടത്വം ഒരു ദൈവവിളിയും ശുശ്രൂഷയുമാണെന്നുള്ളതു വിസ്മരിച്ചു കേവലം മാന്യമായ ഒരു കാലയാപന മാർഗ്ഗമായി കണ്ടു കൊണ്ട്, പലരും അതിനായി ഇവിടെ ഓടിക്കൂടുന്നുണ്ട്.

(മാർ പീലക്സിനോസ് എപ്പിസ്കോപ്പാ)

തുമ്പമൺ മെത്രാസനത്തിൽ ഇപ്പോൾ ഉള്ളതു് തൊണ്ണൂറു ഇടവകപ്പള്ളികളും, പന്ത്രണ്ടു ചാപ്പലുകളുമാണ്. ഇവ ഇപ്പോൾ നടക്കുന്ന രീതിയിൽ മുടങ്ങാതെ നടക്കുന്നതിനു് അറുപതു പട്ടക്കാർ മതി. അത്രയും പേർ ഇപ്പോൾ നമ്മുടെ ഇടവകയിൽ വേലചെയ്യുന്നുണ്ട്. കൂടാതെ, പത്തു പേർ മററു മെത്രാസനങ്ങളിലും, ആറു പേർ മലബാറിലും, ഏഴുപേർ ഭാരതത്തിലെ മററു സ്ഥലങ്ങളിലും, ഇങ്ങനെ 23 പട്ടക്കാർകൂടി നമ്മുടെ മെത്രാസനത്തിൽപെട്ടവരായി ഇപ്പോഴുണ്ട്. ഇത്രയധികംപേർ വീട്ടുവിട്ടു പുറത്തു സേവനത്തിനു പോയിരിക്കുന്നതിൻെറ യഥാർത്ഥകാരണത്തെക്കുറിച്ചു ആരായാതെ, നമ്മിൽ പലരും ഇതിൽ അഭിമാനം കൊള്ളുകയാണ് സാധാരണ ചെയ്യുന്നതു്? എന്നാൽ സൂക്ഷ്മാന്വേഷണം ചെയ്താൽ കേവലം സേവനതല്പരതമാത്രമല്ല നമ്മുടെ പട്ടക്കാരുടെ ഈ വിദേശഗമനത്തിനു കാരണമെന്നു കാണാം. രണ്ടു പ്രധാന കാരണങ്ങൾ നമ്മുടെ സത്വരശ്രദ്ധയിൽ പെടേണ്ടതുണ്ട്. ഒന്നു് നമ്മുടെ മെത്രാസനത്തിൽ പട്ടക്കാർക്കു കിട്ടുന്ന വേതനത്തിൻെറ താരതമ്യേനയുള്ള കുറവാണ്. നൂറുരൂപാ പ്രതിമാസം ശമ്പളമായോ, വരുമാനമായോ കിട്ടുന്ന പട്ടക്കാർ നമ്മുടെ മെത്രാസനത്തിൽ അംഗുലീപരിമിതമാണ്. നേരേമറിച്ചു പുറത്തുജോലിചെയ്യുന്നവരുടെ ഏററവും കുറഞ്ഞ ശമ്പളം ഇതിൽ കൂടുതലുമാണ്. ഒരു പട്ടക്കാരനു മാനമായി കഴിയുന്നതിനു് കേവലം നൂറുരൂപാതന്നെ ഇന്നത്തെ നിലയ്ക്കു തുലോം അപര്യാപ്തമായിരിക്കെ—നമ്മുടെ ചെറിയ ഗ്രാമീണ ഇടവകയുടെ കഴിവുകേടുകൊണ്ടാണെങ്കിലും—നമ്മുടെ ഈ താണ വരുമാനത്തോതു, കഴിവും, പഠിപ്പുമുള്ള പട്ടക്കാരെയെല്ലാം നമുക്കു നഷ്ടപ്പെടുത്തുന്നുവെന്നുള്ളതു് നാം ഗൌരവമായി പരിഗണിക്കേണ്ടകാര്യമത്രേ.

രണ്ടാമത്തെ സംഗതി, ഇവിടുത്തെ വൈദീകഗണത്തിൻെറ ആവശ്യത്തിലധികമായ സംഖ്യാബലമാണ്. 23 പട്ടക്കാർ ഇപ്പോൾ അധികമായി പുറത്തുള്ളതുകൂടാതെ; ചുരുങ്ങിയ കാലത്തിനുള്ളിൽ പട്ടക്കാരാകാൻ ഇടയുള്ള 25 ശെമ്മാശ്ശന്മാരും മററു കുറെ വൈദീകവിദ്യാർത്ഥികളും നമുക്കു ഇപ്പോൾത്തന്നെയുണ്ട്. തൊഴിലില്ലായ്മ വർദ്ധിച്ചതോടുകൂടി, പട്ടത്വം ഒരു ദൈവവിളിയും ശുശ്രൂഷയുമാണെന്നുള്ളതു വിസ്മരിച്ചു കേവലം മാന്യമായ ഒരു കാലയാപനമാർഗ്ഗമായി കണ്ടുകൊണ്ടു, പലരും അതിനായി ഇവിടെ ഓടിക്കൂടുന്നുമുണ്ട്. അതിനാൽ ഇടവകഭരണത്തിനായി ഇനിയും ആരെയും തെരഞ്ഞെടുത്തു പട്ടം കെട്ടേണ്ട ആവശ്യം, അടുത്തകാലത്തെങ്ങും നമ്മുടെ മെത്രാസനത്തിനു ഉണ്ടാവില്ലെന്നും ജനങ്ങൾ ധരിച്ചിരിക്കണം. സ്ഥാനമോഹത്താലോ, കാലയാപനമാർഗ്ഗമെന്ന ചിന്തയാലോ പ്രേരിതരായി ആരും ഈ വഴിക്കു തിരിയരുതെന്നു പ്രത്യേകം ഓർപ്പിക്കുന്നു.

(ഇടവകപ്പത്രിക)

ട്ടിട്ടുള്ള വിലയേറിയ സമയം വ്യഥാഭാഷണങ്ങളിലും ചീട്ടുകളിയിലും (കോട്ടയത്തെ പൂട്ടിയിട്ടിരിക്കുന്ന പള്ളിപ്പരിസരങ്ങളിലും, പൂമുഖത്തും പൊതുഒഴിവുദിവസമായ ഞായറാഴ്ചകളിൽ നിശ്ചിത പ്ലാനനുസരിച്ചു ക്രിസ്തീയ യുവജനങ്ങൾക്കാണ് ചീട്ടുകളിക്കാൻ അവകാശവും സൗകര്യവുംഉള്ളതെന്നുള്ള വാദഗതിയെഇവിടെ ചോദ്യംചെയ്യുന്നില്ല) സൂര്യഭഗവാൻെറ തിരിച്ചെഴുന്നെള്ളത്തിനു ശേഷവും കവലകളിൽ ചന്ദ്രമുഖീദർശനത്തിനു കാത്തുനിൽക്കുന്നതിലും ചില യുവ ക്രിസ്ത്യാനികൾ ചെലവഴിക്കുന്ന സമയം കുറേക്കൂടെ പ്രയോജനപ്പെടുത്താൻ കഴിയുമെങ്കിൽ ആദ്യം പറഞ്ഞ കാര്യത്തിൽ സമയം ചെലവഴിക്കുന്നതു താരതമ്യേന അധമമാണ്. വളരെ കഷ്ടതകളിൽ കൂടി കടന്നു പോകുന്നവർക്കും സന്മാർഗ്ഗത്തിനു ചേരാത്ത മാർഗ്ഗങ്ങളിൽ ചെലവഴിക്കുന്നതിനുസമയവും പണവുംഉണ്ട്.

ക്രൈസ്തവഗ്രന്ഥപ്രചരണസഹായാർത്ഥം പണം ചോദിച്ചാൽ പലരും പണമില്ല, സമയമില്ല, ഞങ്ങൾക്കിഷ്ടമില്ല, വേദപുസ്തകമൊക്കെ അറിയാം, എന്നിങ്ങനെയുള്ള മറുപടിയാണു നൽകുന്നതു്. ക്രിസ്തീയവേലകളിൽ ഉപരിയായ ഒരു സ്ഥാനം ക്രിസ്തീയ സാഹിത്യത്തിനുണ്ടെന്നുള്ള വസ്തുത ക്രൈസ്തവസഭകൾ കൂടുതൽ ശക്തിയായി അംഗീകരിക്കണം. ആദർശങ്ങളാണു ലോകത്തെ ഭരിക്കുന്നതു്. ആദർശങ്ങൾ ഗ്രന്ഥപത്രമാസികകളിൽകൂടിയാണ് പകരപ്പെടുന്നതു്. ക്രിസ്തീയാദർശങ്ങൾ ഇന്നു ക്രിസ്ത്യാനികളുടേയും മററും ജീവിതത്തിൽ അധികം കാണുന്നില്ലെങ്കിൽ അതിൻെറ കാരണം ആദർശങ്ങളെപ്പററി അവർക്കു ആഴമായ ധാരണയും അറിവും ബഹുമാനവും കുറവാണെന്നല്ലെ അനുമാനിക്കേണ്ടതു്? ഇതരമാർഗ്ഗങ്ങളിൽ വ്യാപൃതമായിരിക്കുന്ന മനുഷ്യമനസ്സുകളെ സർവ്വപ്രധാനമായ മാർഗ്ഗത്തിലേക്കു ആകർഷിക്കുന്നതിനും, ഉണർത്തുന്നതിനും പൂർവാധികം പുഷ്ടിപ്പെടുത്തുന്നതിനും വ്യാപകമായ അറിവു സമ്പാദനവും ക്രിസ്തീയ ഗ്രന്ഥപാരായണവും അത്യന്താപേക്ഷിതമാണ്. അപൂർവമായിട്ടെങ്കിലും പ്രസിദ്ധപ്പെടുത്തുന്ന ഗ്രന്ഥങ്ങളെ വാങ്ങി അവയ്ക്കു നല്ല സ്വാഗതം ആശംസിക്കുകയും വായിച്ചശേഷം വാങ്ങാൻ നിവൃത്തിയില്ലാത്തവർക്കു വായിക്കാൻ കൊടുക്കുകയും ചെയ്യുന്നതു ഒരു ക്രിസ്തീയ ശുശ്രൂഷതന്നെയാണ്.

മികച്ച വിജ്ഞാനപ്രചരണോപാധിയായ ഗ്രന്ഥപ്രസിദ്ധീകരണരംഗത്തിൽ സി. എൽ. എസ്. ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങളെ നാം അഭിനന്ദിക്കുകതന്നെ വേണം. നൈമിഷികാനുഭൂതികൾ നൽകുന്ന താണതരംനോവലുകളിൽശ്രദ്ധ ചെലുത്താതെ ജീവിതസന്ദേശങ്ങൾ സർവ്വഥാ ധ്വനിപ്പിച്ചുകൊണ്ടിരിക്കുന്ന ക്രിസ്തീയ ഭക്തന്മാരുടെ ജീവചരിത്രങ്ങളും ക്രിസ്തീയാദർശങ്ങളുടെയും ധാർമ്മികമൂല്യങ്ങളുടേയും വളർച്ചയ്ക്കു സഹായിക്കുന്ന ഇതര സൽഗ്രന്ഥങ്ങളും വായിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യേണ്ട മഹത്തായ മേഖലയിൽ ക്രൈസ്തവസഭയുടെയും സഭാംഗങ്ങളുടേയും ശ്രദ്ധപൂർവാധികം ചെലുത്തേണ്ടതായ ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിച്ചുകൊണ്ടിരിക്കുന്നതു്.

Thought for the week.

A single sin, however apparently trifling, however hidden in some obscure corner of our consciousness, a sin which we do not intend to renounce—is enough to render real prayer impracticable……If we be aware that our moral health requires the abandonment of some pleasure which yet we do not intend to abandon, here is cause enough for the loss of all spiritual power.

F. P. Cobbe.

പ്രതിവാരപ്രഭാഷണം(The Sermon for the week)

വ്യക്തിജീവിതത്തിൻെറയും സഭാജീവിതത്തിൻെറയും അടിസ്ഥാനം

(എം. തൊമ്മൻ ബി. ഏ.)

"യെഹൂദന്മാർ അടയാളം ചോദിക്കയും യവനന്മാർ ജ്ഞാനം അന്വേഷിക്കയും ചെയ്യുന്നു; ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു." (1 കൊരിന്ത്യർ 1: 22)

യഹൂദന്മാർ യേശുക്രിസ്തുവിലും അവൻെറ സുവിശേഷത്തിലും വിശ്വസിക്കണമെങ്കിൽ അവർക്കു തക്കതായ തെളിവു് ആവശ്യമായിരുന്നു. എന്തെങ്കിലും ചില അത്ഭുതപ്രവൃത്തികൾകൊണ്ടു് തൃപ്തിപ്പെടുവാൻ അവർ തയ്യാറില്ലായിരുന്നു. യേശുക്രിസ്തു പല അത്ഭുതങ്ങളും പ്രവർത്തിച്ചു. എന്നാൽ അവയൊന്നുമല്ല യഹൂദന്മാർ ആവശ്യപ്പെട്ടതു്. യേശുക്രിസ്തു മ്ശിഹാ ആണെന്നു തെളിയിക്കുവാൻ പര്യാപ്തമായ ചില പ്രത്യേക തെളിവുകളാണ് അവർക്കു വേണ്ടിയിരുന്നതു്. അവയേക്കുറിച്ചാണ് പൗലൂസ്ശ്ലീഹാ "യഹൂദന്മാർ അടയാളം ചോദിക്കുന്നു" എന്നു പറഞ്ഞതു്. യേശുവിൻെറ പരസ്യശുശ്രൂഷ ആരംഭിക്കുന്നതിനുമുമ്പായി വനത്തിൽവച്ചു തനിക്കുണ്ടായ പരീക്ഷകൾ തെററായ വിധത്തിൽ മ്ശിഹായുടെ ശക്തി വെളിപ്പെടുത്തുവാനും വേലചെയ്യുവാനും സാത്താൻ നിർദ്ദേശിച്ച മാർഗ്ഗങ്ങളായിരുന്നു. അവ തന്നെ ആയിരുന്നു യഹൂദന്മാരും ആഗ്രഹിച്ച അടയാളങ്ങൾ—യഹോവ മരുഭൂമിയിൽ മന്നാ വർഷിപ്പിച്ചു് ഇസ്രായേൽ മക്കളുടെ വിശപ്പടക്കിയതുപോലെ യേശുവും ചെയ്യണമെന്നു് അവർ ആവശ്യപ്പെട്ടു. ദേവാലയത്തിൻെറ ഗോപുരത്തിന്മേൽ പ്രത്യക്ഷപ്പെട്ടു് അവിടെനിന്നു് താഴത്തേക്കു ചാടി തൻെറ അമാനുഷീക ശക്തി വെളിപ്പെടുത്തുക, ലോകത്തിലെ സകല രാജ്യങ്ങളെയും തൻെറ അധികാരത്തിൻകീഴിൽ അടക്കി ഭരിക്കുക എന്നിവയും അവർ ആവശ്യപ്പെട്ട "അടയാളങ്ങ"ളിൽഉൾപ്പെട്ടിരുന്നു. യേശുവിൻെറ പരസ്യശുശ്രൂഷയിൽ ആദ്യവസാനം യഹൂദന്മാർ അടയാളം ചോദിച്ചിരുന്നതായി സുവിശേഷങ്ങൾ രേഖപ്പെടുത്തുന്നു. "ഗുരോ, നീ ഒരടയാളം ചെയ്തു കാണ്മാൻ ഞങ്ങൾ ഇച്ഛിക്കുന്നു" എന്നു ശാസ്ത്രിമാരും പരീശന്മാരും പലപ്പോഴും പറയുകയുണ്ടായി(മത്തായി 12: 38) യേശു ക്രൂശിൽ കിടന്നപ്പോൾപോലും ഇതു പറഞ്ഞു് അവർ അവനെ പരിഹസിച്ചതായി കാണാം. "ദൈവപുത്രൻ എങ്കിൽ ക്രൂശിൽനിന്നു് ഇറങ്ങി വാ" (മത്തായി 27: 40). എന്നാൽ ഇങ്ങനെയുള്ള തെളിവുകൾ നൽകുവാനോ ഈ വിധത്തിൽ തൻെറ ശക്തി പ്രകടിപ്പിക്കുവാനോ യേശു ഒരിക്കലും തയ്യാറായില്ല. യേശു ക്രൂശിക്കപ്പെട്ടതു് താൻ മ്ശിഹാ ആണെന്നവകാശപ്പെട്ടതുകൊണ്ടു മാത്രമല്ലായിരുന്നു; താൻ ഒരു പ്രത്യേകതരത്തിലുള്ള മ്ശിഹാ ആയി പ്രത്യക്ഷപ്പെട്ടതുകൊണ്ടു് കൂടിയായിരുന്നു. ആ വിധത്തിലുള്ള മ്ശിഹായെ യഹൂദന്മാർക്കു് മനസ്സിലാക്കുവാനോ വച്ചു പുലർത്തുവാനോ സാദ്ധ്യമല്ലായിരുന്നു. അതുകൊണ്ടു് അവർ അവനെ ക്രൂശിച്ചുകൊന്നു. അങ്ങനെ ക്രൂശിക്കപ്പെട്ട ഒരാളെ വിശ്വസിക്കുകയോ അനുഗമിക്കുകയോ ചെയ്യുവാൻ യഹൂദനു് അസാദ്ധ്യമായിരുന്നു. ക്രൂശിക്കപ്പെട്ട ക്രിസ്തു യഹൂദനു് ഒരു ഇടർച്ചതന്നെ ആയിരുന്നു. തൻെറ മാനസാന്തരത്തിൻെറ സമയംവരെ പൗലൂസിനും യേശുവിനോടുണ്ടായിരുന്ന മനോഭാവം ഇതായിരുന്നു. പൗലൂസിൻെറ ദമസ്കോസിലേയ്ക്കുള്ള മാർഗ്ഗമദ്ധ്യേ, ഉയർത്തെഴുന്നേററ ക്രിസ്തു തനിക്കു പ്രത്യക്ഷപ്പെടുകയും, അങ്ങനെ ക്രൂശിക്കപ്പെട്ട ക്രിസ്തു ഇപ്പോഴും ജീവിച്ചിരിക്കുന്നു എന്നറിയുകയും ചെയ്തതിൻെറ ഫലമായിട്ടാണ് പൗലൂസിൻെറ മനോഭാവം പാടേ മാറിയതു്.

നമ്മുടെ ചിന്താവിഷയമായ വാക്യത്തിൽ, ദൈവത്തിൻെറ പ്രവർത്തനത്തിൽ മനുഷ്യർ സാധാരണ കാണുവാൻ ആഗ്രഹിക്കുന്ന തരത്തിലുള്ള ശക്തിപ്രകടനവും ദൈവം തൻേറതായി വെളിപ്പെടുത്തിയിട്ടുള്ള ശക്തിയും തമ്മിലുള്ള വ്യത്യാസം പൗലൂസ്ശ്ളീഹാ ചൂണ്ടിക്കാണിക്കുന്നു. യഹൂദൻെറ നോട്ടത്തിൽ യേശുവിൻെറ ശക്തി ബലഹീനതയായിരുന്നു. യേശുവിൻെറ ജീവിതത്തിലും ക്രൂശുമരണത്തിലും വെളിപ്പെട്ട ശക്തി ഒന്നു വേറെ ആയിരുന്നു. ആ ശക്തിക്കു വിധേയരാകുന്നവരുടെ സ്വഭാവത്തെയും ജീവിതത്തെയും രൂപാന്തരപ്പെടുത്തുവാൻ പര്യാപ്തമായിരുന്നു അതു്.

നമ്മുടെ വ്യക്തിപരമായ ജീവിതത്തിലും കുടുംബജീവിതത്തിലും സഭാജീവിതത്തിലും ദൈവത്തിൻെറ ശക്തി ഏതു വിധത്തിൽ വ്യാപരിക്കണമെന്നാണ് നാം ആഗ്രഹിക്കുന്നതു്? പ്രഥമമായും പ്രധാനമായും നാം കാംക്ഷിക്കുന്നതു് ഏതുതരത്തിലുള്ള ആവശ്യങ്ങൾ നിർവ്വഹിക്കപ്പെടുന്നതിനാണ്? കേവലം ലൗകികവും ശാരീരികവുമായ ആവശ്യങ്ങൾ നിറവേറിയാൽ മിക്കവരും തൃപ്തരായേക്കാം. എന്നാൽ പലരുടെയും ആവശ്യങ്ങൾ അതിരില്ലാത്തവയാണ്. സുഖസമൃദ്ധികൾ എത്ര ആയാലും മനുഷ്യനു മതിവരുന്നില്ല. പ്രതാപവും പദവിയും അധികാരവും കൂടി വേണ്ടിയവരാണ് മിക്കവരും. ഇവയെല്ലാം തന്നു് ലോകപ്രകാരം നമ്മെ സുരക്ഷിതരും സൗഭാഗ്യവാന്മാരും ആയിത്തീർക്കുവാൻ ദൈവവും കൂട്ടായിരിക്കണമെന്നുള്ളതാണ് മിക്കമനുഷ്യരുടെയും ആഗ്രഹം. ഇങ്ങനെയുള്ള മൂല്യങ്ങളാൽ ഭരിക്കപ്പെടുന്ന വ്യക്തികൾ തങ്ങൾക്കുവേ

ണ്ടി ആഗ്രഹിക്കുന്ന കാര്യങ്ങളായിരിക്കും തങ്ങൾ സ്നേഹിക്കുന്നവർക്കുവേണ്ടിയും തങ്ങൾ ഉൾപ്പെട്ട നിൽക്കുന്ന സഭയ്ക്കോ സമുദായത്തിനോ വേണ്ടിയും പ്രഥമമായി ആഗ്രഹിക്കുന്നത്. ലൗകിക സാഹചര്യങ്ങളും സുഖസൗകര്യങ്ങളും കുറേയൊക്കെ അനുകൂലവും നമ്മുടെ ആവശ്യത്തിനു മതിയായവയും ആയിരിക്കണമെന്നുള്ളതിൽ സംശയമില്ല. എന്നാൽ അവയേക്കാൾ മുൻഗണന അർഹിക്കുന്ന മററു മൂല്യങ്ങളും ശക്തികളും ജീവിതത്തിലുണ്ടാകാത്ത പക്ഷം ഒരു വ്യക്തിയോ കുടുംബമോ സഭയോ ക്രിസ്തീയമായിരിക്കയില്ല. സമാധാനം അത്യാവശ്യമാണ്; എന്നാൽ നിർജ്ജീവമായ ഒരവസ്ഥയിലും അനുഭവപ്പെടാവുന്ന തരത്തിലുള്ള ഒരു സമാധാനമുണ്ട്. അപ്രകാരം തന്നെ അസമാധാനത്തിന്റെ നടുവിലും ശക്തിമത്തായി നിലനിന്നു വ്യാപരിക്കുവാൻ കഴിയുന്ന ജീവനുണ്ട്. ഇതിലേതാണ് നാം കാംക്ഷിക്കുന്നതെന്നുള്ളതാണ് പ്രശ്നം. നമുക്കോ നമ്മുടെ സഭയ്ക്കോ ഭാസുരമായ ഒരു ഭാവിയെ നാം ചിത്രീകരിക്കുന്നത് ഏതു വിധത്തിലാണ്? യേശുക്രിസ്തുവിന്റെ ജീവിതത്തിലും സ്വഭാവത്തിലും വിളങ്ങിക്കണ്ട ശക്തിവിശേഷങ്ങളാണോ സ്വായത്തമാക്കണമെന്ന് നാം ആഗ്രഹിക്കുന്നത്? അവ ഏതെല്ലാമാണ്? നാം നിർധനരായിരുന്നേക്കാം. എന്നാൽ അതേ സമയം തന്നെ നാം സമ്പന്നന്മാരാണെന്നു പറയുവാൻ കഴിയത്തക്കവണ്ണമുള്ള സ്നേഹം, സത്യസന്ധത, സേവനതാല്പര്യം, വിനയം മുതലായ ക്രിസ്തീയ ഗുണങ്ങൾ നമുക്കുണ്ടോ? നമ്മുടെ സഭയും സമുദായവും അവയെമുൻനിർത്തി പ്രവർത്തിക്കുന്നുണ്ടോ? ക്രിസ്ത്യാനികളായ നമ്മിൽനിന്നും ഇന്നു ലോകത്തിനു ലഭിക്കേണ്ട സംഭാവന ഇതാണ്. നമ്മുടെ സഭയുടെ കെട്ടുപണിക്കായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർ എപ്പോഴും മുമ്പിൽ വയ്ക്കേണ്ട ഒരു പരിഗണനയാണിതു്. ക്രൂശിക്കപ്പെട്ട ക്രിസ്തുവാണ് സഭയുടെയും വ്യക്തിയുടെയും ജീവിതത്തിന്റെ അടിസ്ഥാനം. മറെറതെങ്കിലും അടിസ്ഥാനത്തിന്മേൽ പണിയുന്ന വ്യക്തിജീവിതവും സഭാജീവിതവും നിലനിൽക്കുകയില്ല, നിശ്ചയം.

വേദവായനക്കുറിപ്പുകൾ

തിങ്കൾ—1 കൊരിന്ത്യർ 13: 1—13

ആത്മീയ നൽവരങ്ങളെയും ആത്മാവിന്റെ ഫലങ്ങളെയും കുറിച്ചു പറഞ്ഞതിന്റെശേഷം അവയിൽ ഏററവും ശ്രേഷ്ഠമായതു സ്നേഹമാണെന്നു പൗലൂസ് ചൂണ്ടിക്കാണിക്കുന്നു. പൗലൂസ് സ്നേഹത്തെ വർണ്ണിക്കുന്നതു് ഒരു പ്രബോധനത്തിന്റെ രൂപത്തിലല്ല, തന്റെ അനുഭവത്തിലുള്ള ചില വസ്തുതകളെ എടുത്തു കാട്ടിയിട്ടാണ്. തന്റെ രക്ഷകനും നാഥനുമായ കർത്താവിന്റെ ജീവിതത്തിൽ അവയെല്ലാം യാഥാർത്ഥ്യമായി താൻ കണ്ടിട്ടുണ്ടായിരുന്നു. 4 മുതൽ 7 വരെയുള്ള വാക്യങ്ങൾ ഈ പരമാർത്ഥം മനസ്സിൽ വച്ചുകൊണ്ട് ഒരിക്കൽക്കൂടി വായിച്ചു നോക്കുക. മനുഷ്യരെ ഐക്യതയിൽ ജീവിക്കുവാൻ സഹായിക്കുന്ന ആത്മാവു സ്നേഹത്തിന്റെ ആത്മാവു മാത്രമാണ്. പുതിയനിയമത്തിൽ 'സ്നേഹം' എന്നതിനു് ഉപയോഗിച്ചിട്ടുള്ള ഗ്രീക്കുപദം (ആഗപ്പെ) ലോകം അതുവരെ കണ്ടിട്ടില്ലാത്ത തരത്തിലുള്ള ഒരു പുതിയ സ്നേഹത്തെ കുറിക്കുന്നതായിരുന്നു. വാക്യം 6—"അനീതിയിൽ സന്തോഷിക്കാതെ"—മററുള്ളവർ തെററിലോ ആപത്തിലോ അകപ്പെട്ടപ്പോൾ സന്തോഷിക്കാതിരിക്കുക. വാക്യം 7— "എല്ലാം പൊറുക്കുന്നു"—മററുള്ളവരുടെ ബലഹീനതകളെ വെളിപ്പെടുത്തുവാൻ ഈ പ്രായോഗികഗുണങ്ങൾ നമ്മുടെ സ്നേഹത്തിനുണ്ടോ?

ചൊവ്വാ—1 കൊരിന്ത്യർ 15: 1—14

നമ്മുടെ കർത്താവിന്റെ പുനരുത്ഥാനം സംബന്ധിച്ചു നമുക്കു ലഭിച്ചിട്ടുള്ള ആദ്യത്തെ രേഖയാണിതു്. യേശുവിന്റെ പുനരുത്ഥാനം തിരുവെഴുത്തുകളിൻപ്രകാരമായിരുന്നു എന്നു പൗലൂസ് ആദ്യമായി ചൂണ്ടിക്കാണിക്കുന്നു. (വാക്യം 4). രണ്ടാമതായി, പൗലൂസും താനു ജീവിച്ചിരുന്ന മററു പലരും ആ സംഭവത്തിന്റെ ദൃക്സാക്ഷികളും അനുഭവസ്ഥരും ആണെന്നുള്ള പരമാർത്ഥം പൗലൂസ് വ്യക്തമാക്കുന്നു. ആദ്യം യേശുവിൽ വിശ്വസിക്കാതിരുന്ന സ്വസഹോദരനായ യാക്കോബ് പിന്നീട്ട ക്രിസ്തുസഭയുടെ നേതാക്കന്മാരിൽ ഒരാളായിത്തീരുന്നു. സഭയെ നശിപ്പിച്ചിരുന്നവനായ പൗലൂസ് അതിന്റെ ഏററവും വലിയ പ്രവർത്തകനായിത്തീരുന്നു. യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിനുള്ള ഏററവും ശക്തിമത്തായ തെളിവ് അന്നും ഇന്നും മനുഷ്യരെ രൂപാന്തരപ്പെടുത്തുവാനുള്ള തന്റെ കഴിവാണ്. ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും ഉള്ള സകല പ്രത്യാശയുടെയും അടിസ്ഥാനം കർത്താവിന്റെ പുനരുത്ഥാനമാണ്. ഉയിർത്തെഴുന്നേററ കർത്താവിന്റെ സാന്നിദ്ധ്യവും ശക്തിയും നാം അനുഭവപ്പെടുത്തുന്നുണ്ടോ?

ബുധൻ—എഫേസ്യർ 2: 11—22

ബദ്ധ ശത്രുക്കളായിരുന്നവർ ഇപ്പോൾ "യേശുക്രിസ്തുവിൽ" ഒന്നായിത്തീർന്നിരിക്കുന്ന എന്നുള്ള വലിയ അത്ഭുതത്തെക്കുറിച്ചാണ് പൗലൂസ് ഈ ഭാഗത്തു പറയുന്നതു്. യേശു ക്രൂശിൽ മരിച്ചപ്പോൾ ദേവാലയത്തിന്റെ തിരശ്ശീല രണ്ടായി പിളർന്നു—അതായതു് മഹാവിശുദ്ധ സ്ഥലം എല്ലാവർക്കും ദൃശ്യമായി.

Janatha Tile Works Kottayam.

ETTUMANOOR P. O.

ജനതാ ഓട്ടുകമ്പനി

മേൽത്തരംമേച്ചിലോടുകൾ മൂലയോടുകൾ, തറയോടുകൾ, കണ്ണാടിയോടുകൾ, പുകയോടുകൾ, ചുടുകട്ടകൾ, ഇഷ്ടികകൾ, പച്ചട്ടികൾ

OUR SURKI POWDER A SPECIALITY.

For further particulars please write to:

P. A. POONNEN,

Palampadam, Kottayam. or The Manager, Janatha Tile Works

Ettumanoor P. O.

ദൈവത്തിന്റെ സ്വഭാവം വെളിപ്പെടുകയും ദൈവസംസർഗ്ഗത്തിനുള്ള കവാടം എല്ലാവർക്കുമായി തുറക്കപ്പെടുകയും ചെയ്തു. അപ്രകാരം തന്നെ "വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകളയപ്പെട്ടു". യഹൂദനേയും പുറജാതിയേയും അകററിനിറുത്തിയിരുന്ന പ്രതിബന്ധങ്ങൾ ഇല്ലാതാക്കപ്പെട്ടു. വർഗ്ഗവ്യത്യാസങ്ങൾക്കും സ്ഥിതിവ്യത്യാസങ്ങൾക്കും അതീതമായ യഥാർത്ഥ സമഭാവനയും സാഹോദര്യവും ലോകം ആദ്യമായി ദർശിച്ചതു ക്രിസ്തുസഭയിലായിരുന്നു. ഇപ്പോഴും ആ കാര്യത്തിൽ നേതൃത്വം നൽകേണ്ടതു സഭയാണ്. എന്നാൽ ലോകത്തിന്റെ ആത്മാവു ക്രിസ്ത്യാനികളുടെയും ക്രിസ്തുസഭയുടെയും ജീവിതത്തിൽ അക്രൈസ്തവമായ അസമത്വങ്ങളെ വച്ചു പുലർത്തുന്നുണ്ട്. അവയെ ഉന്മൂലനം ചെയ്യേണ്ടതു നമ്മുടെ കടമയാണ്. ക്രിസ്തുവിന്റെ ആത്മാവിനു നമ്മെത്തന്നെ പരിപൂർണ്ണമായി വിധേയരാക്കിയാൽമാത്രമേ അതിനുള്ള കഴിവു നമുക്കുണ്ടാകുകയുള്ളു.

വ്യാഴം—1 കൊരിന്ത്യർ 15:20—34

ക്രിസ്തുവിന്റെ പുനരുത്ഥാനത്തെക്കുറിച്ചു പറയുമ്പോൾ സംശയാസ്പദങ്ങളായ നിഗമനങ്ങളെ വിട്ടിട്ട് ഉറച്ച യാഥാർത്ഥ്യത്തിൽ നിലകൊള്ളുന്ന അനുഭവമാണ് പൗലൂസിനുണ്ടാകുന്നതു്. ക്രിസ്തുവിന്റെ പുനരുത്ഥാനം ഒരു വലിയ വിളവെടുപ്പിന്റെ ആദ്യഫലം മാത്രമാണ്. ക്രിസ്തു ഉയിർത്തെഴുന്നേററതിനാൽ വിശ്വാസം വഴിയായി തന്നോടു ബന്ധപ്പെട്ട എല്ലാവരും ഉയിർത്തെഴുന്നേൽക്കും. മനുഷ്യന്റെ ജീവിതത്തിൽ രണ്ടു പ്രമാണങ്ങൾ വ്യാപരിക്കുന്നുണ്ട്. ഒന്ന് ആദാമിന്റെ പിന്തുടർച്ചാവകാശിയായ മനുഷ്യൻ മരണമാകുന്ന പ്രകൃതിനിയമത്തിനു വിധേയനാണ്. രണ്ടാമതായി, രണ്ടാമത്തെ ആദാമായ ക്രിസ്തുവിൽ മനുഷ്യൻ നിത്യജീവന് അവകാശിയായിത്തീരുന്നു. പുനരുത്ഥാനജീവിതം ഒരു യാഥാർത്ഥ്യമല്ലെങ്കിൽ ക്രിസ്തുവിലുള്ള നമ്മുടെ സ്നാനവും ഇഹലോകത്തിൽ നാം അനുഭവിക്കുന്ന കഷ്ടതകളുമെല്ലാം വ്യർത്ഥമാണ്. ജീവിതത്തെ അർത്ഥവത്താക്കിത്തീർക്കുന്നതും ആത്മസംയമനം ആവശ്യമാക്കിത്തീർക്കുന്നതും മരിച്ചവരുടെ പുനരുത്ഥാനത്തിലും വരുവാനുള്ള ലോകത്തിലെ പുതിയജീവനിലുമുള്ള നമ്മുടെ വിശ്വാസമാണ്.

വെള്ളി—1 കൊരിന്ത്യർ 15.35—58

ശരീരത്തിന്റെ പുനരുത്ഥാനത്തെക്കുറിച്ചുള്ള പലരുടെയും വിശ്വാസം വളരെ അവ്യക്തമാണ്. അതിനുള്ള ഒരു കാരണം, നാം ശരീരത്തെ ജഡരക്തങ്ങളായി മാത്രം കരുതുന്ന എന്നുള്ളതാണ്. ശരീരം യഥാർത്ഥത്തിൽ നമ്മുടെ ആന്തരാത്മാവിന്റെ വാഹനം മാത്രമാണ്. ഈ ലോകത്തിൽ ജീവിക്കുമ്പോൾ ഈ ലോകത്തിന്റെ പ്രകൃതിക്കനുസൃതമായ ഒരു ശരീരം നമുക്കു ലഭിക്കുന്നു. വേറൊരു ലോകത്തിൽ— ആത്മീയലോകത്തിൽ— അവിടത്തെ സ്ഥിതിഗതികൾക്കനുസൃതമായ ഒരാത്മീയശരീരം നമുക്കു ലഭിക്കും. ഒരു വിത്തിനെ നിലത്തു കുഴിച്ചിട്ടാൽ അതു ചീഞ്ഞഴുകി അതിൽനിന്ന് ഒരു പുതിയ ശരീരം പൊട്ടിപ്പുറപ്പെടുന്നതുപോലെ മനുഷ്യശരീരത്തിൽ നശ്വരമായതു മരണത്തോടുകൂടി ഇല്ലാതാകുകയും അനശ്വരമായ അംശം പുതിയ ശരീരം ധരിച്ചു പുനർജ്ജീവിക്കുകയും ചെയ്യുന്നു. നമുക്കു മരണശേഷം ലഭിക്കുന്ന പുനരുത്ഥാന ശരീരത്തിന്റെ സ്വഭാവവും മഹത്വവും ചിന്താതീതമാണ്. എങ്കിലും പുനരുത്ഥാനം ചെയ്ത ക്രിസ്തുവിന്റെ മഹത്വീകരിക്കപ്പെട്ട ശരീരം അതിന്റെ പ്രതിച്ഛായയാണ്. നമ്മുടെ ഇപ്പോഴത്തെ ശരീരവും ഭാവിയിൽ നമുക്കു ലഭിക്കുവാനുള്ള ആത്മീയ ശരീരവും തമ്മിൽ എന്തോ സാമ്യമുണ്ടായിരിക്കും എന്നുള്ള സൂചനയും ഇന്നത്തെ വായനയിലുണ്ട്. അതുകൊണ്ട നമ്മുടെ ശരീരത്തെ പാവനമായി സൂക്ഷിക്കേണ്ട ചുമതല നമുക്കുണ്ട്.

ശനി—ഫിലിപ്യർ 3. 17—21

പൗലൂസ് ശ്ലീഹായുടെ സന്ദേശത്തെ ആസ്പദമാക്കിയുള്ള നമ്മുടെ വേദവായനയുടെ സമുചിതമായ ഒരു സമാപനമായി കരുതാം ഇന്നത്തെ വായന. പൗലൂസും തന്നെപ്പോലെ ക്രിസ്തുസഭയിലുണ്ടായിട്ടുള്ള മാറു വിശുദ്ധന്മാരും അവരുടെ സ്വർഗ്ഗീയ പൗരത്വത്തെക്കുറിച്ചു ദൃഢവിശ്വാസമുള്ളവരായിരുന്നു. ഇഹലോകജീവിതത്തെ ഒരു തീർത്ഥയാത്രയായിട്ടാണ് അവർ പരിഗണിച്ചതു്. അവരുടെ യഥാർത്ഥ പൗരത്വം ഇഹലോകത്തിലല്ല, വരുവാനുള്ള ലോകത്തിലാണ് എന്ന് അവർ ഉറപ്പായി വിശ്വസിച്ചു. സ്വർഗ്ഗീയമായ

ട്രാവൻകൂർ ഫോർവ്വേഡ്ബാങ്ക് (ക്ലിപ്തം)

ഹെഡ്ആഫീസ്: കോട്ടയം

അധികൃതമൂലധനം	രൂ 50,00,000
വസൂലത്തമൂലധനം	രൂ 25,00 000
നിക്ഷിപ്തമൂലധനം	രൂ 150,000
കരുതൽധനം	രൂ 7,88,000
പ്രവർത്തനമൂലധനം	രൂ 4,91,12000

[31-12-56]

ശരിയായ ഈടിന്മേൽ കുറഞ്ഞ കാലത്തേക്കു വായ്പ അവശ്യമുള്ളവർ ഞങ്ങളുടെ 47 ശാഖകളിൽ ഏതിനെയെങ്കിലും സമീപിക്കുക. ബാങ്കിംഗ്സംബന്ധമായ എല്ലാപ്രവർത്തനങ്ങളും നടത്തിവരുന്നു

Look forward and bank
With Forward Bank.

എം. സി. മാത്യു
മാനേജിംഗ് ഡയറക്ടർ

മിഷ്യനറിമാരും ഇൻഡ്യയിലെ വിദ്യാഭ്യാസവും

(എം)

ഇൻഡ്യയിൽ ഇംഗ്ലീഷ്‌വിദ്യാഭ്യാസത്തിന്ന് അടിസ്ഥാനമിട്ടതു് മെക്കാളിയാണ്. ഇൻഡ്യയിലെ വിദ്യാഭ്യാസം പൗരസ്ത്യഭാഷകളിൽക്കൂടി വേണമെന്ന് ഓറിയൻറലിസ്റ്റുകളും അതല്ല പാശ്ചാത്യ മാതൃകയിലാക്കണമെന്നു മെക്കാളിയും വാദിച്ചശേഷമാണ് 19-ാം നൂററാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ (1833) ഇൻഡ്യയിൽ ഇദംപ്രഥമമായി ഇംഗ്ലീഷ്‌വിദ്യാഭ്യാസമാരംഭിച്ചതു്. ഇംഗ്ലീഷിനെ അദ്ധ്യയനഭാഷയായി അംഗീകരിക്കുന്നതിനുവേണ്ടി വന്ന പ്രയത്നത്തെപ്പററി സർ ജോൺസീലി എന്ന ചരിത്രകാരൻ പറഞ്ഞിരിക്കുന്നതു് "Never on this earth was a more momentous question discussed" എന്നാണ്.

1813 വരെ ഒരു മിഷനറിയേയും ബ്രിട്ടീഷ് ഇൻഡ്യയിൽ കാലുകുത്തുന്നതിന്ന് അനുവദിച്ചിരുന്നില്ല. വില്യംകേറിയും സഹപ്രവർത്തകരും ബലപ്രയോഗത്താൽ ഓടിക്കപ്പെടുകയും അവർ ഡച്ചുകാരുടെ വകയായിരുന്ന സെറാമ്പൂരിൽ അഭയംതേടുകയുമാണുണ്ടായതു്. മെക്കാളി വിദ്യാഭ്യാസരംഗത്തു വരുന്നതിന് 20 വർഷങ്ങൾക്ക് മുമ്പുമുതൽ കേറിയും കൂട്ടരും ക്ഷമയോടും സ്ഥിരപരിശ്രമത്തോടും പ്രവർത്തിച്ചിരുന്നു. 19-ാം ശതകത്തിലെ സഭയുടെ ചരിത്രത്തെ സംബന്ധിച്ചിടത്തോളം പലവിധത്തിൽ ഏററവും പ്രയോജനപ്രദവും ശാശ്വതവുമായ ഫലം പുറപ്പെടുവിച്ചതു് കേറിയുടെയും മററും പ്രവർത്തനങ്ങളുമായിരുന്നു. ഇൻഡ്യയെ ക്രിസ്തുവിലേക്ക് കൊണ്ടു

മനോഭാവത്തോടുകൂടി എല്ലാം കാണുവാനും ക്രമീകരിക്കുവാനും അവർക്കു കഴിഞ്ഞു. അവരുടെ ജീവിതത്തിന്റെ രഹസ്യം അതായിരുന്നു. നമ്മുടെ ജീവിതത്തെ ഭരിക്കുന്ന മൂല്യങ്ങൾ ഭൗമികമാണോ സ്വർഗ്ഗീയമാണോ? "നമ്മുടെ താഴ്ച്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോടു് അനുരൂപമായി രൂപാന്തരപ്പെടുത്തും" (വാക്യം 21) എന്നുള്ള ചിന്ത എത്ര അത്ഭുതാവഹവും ആശ്വാസകരവുമാണ്.

വരിക എന്ന പ്രധാന പ്രശ്നത്തെ അവർ ഒരത്ഭുതകരമായ രീതിയിൽ മനസ്സിലാക്കി എന്നാണ് തോന്നുന്നതു്. തൻമൂലം ആരംഭംമുതൽ തന്നെ വികസനത്തിന്റെ വിശാല മേഖലകളിൽക്കൂടി അവർ പ്രവർത്തനവും തുടങ്ങി. തർജ്ജമയും വിദ്യാഭ്യാസവുമായിരുന്ന അവരുടെ സുപ്രധാനമായ രണ്ടു ലക്ഷ്യങ്ങൾ. അതു രണ്ടും ലക്ഷ്യപ്രാപ്തിയിൽ എത്തിച്ചേരുകയും ചെയ്തു. സെറാമ്പൂർ കോളജിന്റെ സ്ഥാപനവും അതിന്റെ വളർച്ചയും ആരെയാണ് പുളകം കൊള്ളിക്കാത്തതു്. തുടർന്ന് ദീർഘക്ഷമയോടുകൂടിയ പ്രവർത്തനം മൂലം തങ്ങളെ പുറം തള്ളിയ ഭരണകൂടത്തിന്റെ, മിഷനറിമാരോടുള്ള മനോഭാവം മാററുകയും തള്ളപ്പെട്ടവർ ബഹുമാനാർഹരായിത്തീരുകയും ചെയ്തു. ഫ്രാൻസിസ് സേവിയറിന്റെയും ഷ്വാർട്സിന്റെയും വേല വിശുദ്ധന്മാരായ അവരുടെ മരണശേഷം ക്ഷയിച്ചുപോയി എങ്കിലും കേറിയുടേയും മാർഷ്മാന്റെയും വേല എല്ലാ എതിർശക്തികളെയും അതിജീവിച്ച് ഫലം പുറപ്പെടുവിച്ചു കൊണ്ടിരിക്കുന്ന വെന്നത്രെ ബിഷപ്പ് മൈൽനി ചൂണ്ടിക്കാണിച്ചിരിക്കുന്നതു്.

1813 മുതൽ 1833 വരെ കൽക്കട്ടായിലെ ആംഗ്ലോഇൻഡ്യൻ മേഖലയിൽ രണ്ടു വിദ്യാഭ്യാസചിന്താഗതികൾ തമ്മിലുള്ള സമരം നടന്നുകൊണ്ടിരുന്നു. ഓറിയൻറലിസ്റ്റുകൾ എന്നറിയപ്പെട്ടിരുന്നവർ, വിദ്യാഭ്യാസത്തെ സംസ്കൃതം, അറബി സാഹിത്യം എന്നിവയിൽ മാത്രം ഒതുക്കി നിറുത്തിയശേഷം പാശ്ചാത്യഭാഷയേയും രീതികളേയും ഒഴിവാക്കാനാണ് ഉദ്യമിച്ചതു്. അവരുടെ എതിരാളികളായ ആംഗ്ലിസിസ്റ്റുസ് പ്രധാനമായും പ്രായോഗികവും വ്യാപാരപരവുമായ കാരണങ്ങളാൽ വിദ്യഭ്യാസത്തിന്റെ അടിസ്ഥാനം ഇംഗ്ലീഷായിരിക്കണമെന്നു നിഷ്കർഷിച്ചു. ഇക്കാലഘട്ടത്തിലാണ് ഇൻഡ്യയിലെ ഭാവിവിദ്യാഭ്യാസത്തെപ്പററി മെക്കാളി ഇംഗ്ലീഷനുകൂലമായി ഒരു റിപ്പോർട്ട് എഴുതിയതും "ഇതിനേക്കാൾ നിർണ്ണായകമായ ഒരു പ്രശ്നം ഭൂമുഖത്തെങ്ങും ഒരിക്കലും ചർച്ച ചെയ്തിട്ടില്ലെന്നു" സർജോൺസീലി രേഖപ്പെടുത്തിയതും.

പ്രഥമനോട്ടത്തിൽ സീലിയുടെ അഭിപ്രായം അതിശയോക്തിപരമാണെന്നു തോന്നിയേക്കാം. എന്നാൽ ഈ തീരുമാനത്തിന്റെ പിൻപിലുള്ള സംഗതികളെ സൂക്ഷ്മമായി നോക്കുമ്പോൾ ആ തോന്നൽ മാറുകയും ചെയ്യും. ലോകം കണ്ടിട്ടുള്ള രണ്ടു മഹത്തായ സംസ്കാരങ്ങളുടെ സങ്കലനമാണ് ഈ പ്രശ്നം പ്രതിനിധാനം ചെയ്യുന്നതു്. ചരിത്രപ്രധാനമായ ഈ സംഭവത്തിനു മുമ്പ്, കിഴക്കും പടിഞ്ഞാറും വിഭിന്ന മേഖലകളിൽ ബന്ധമില്ലാതെ നിലകൊള്ളുകയായിരുന്നു. രണ്ടു സ്ഥലങ്ങളിലെയും മതപരമായ ചിന്താഗതിയും സംസ്കാരവും അണിമുറിയാത്ത ശൈലനിരകളാലും അഗാധമായ സാഗരപ്പരപ്പിനാലും ഇരുവശങ്ങളിലായി വേർതിരിക്കപ്പെട്ടിരുന്നു. ബി. സി. 326-ൽ നടന്ന മഹാനായ അലക്സാണ്ടരുടെ ആക്രമണത്തിന് ഗ്രീക്കസംസ്കാരത്തെ ഇൻഡ്യയിൽ എത്തിക്കുന്നതിന് കഴിഞ്ഞില്ല. ഒരു ശതാബ്ദം കഴിഞ്ഞു്, അശോകന്റെ നേതൃത്വത്തിലുള്ള മഹത്തായ ബുദ്ധമതം, കാലാന്തരത്തിൽ കാസ്പ്യൻ കടൽതീരത്തും, ജപ്പാനിലും, സിലോണിലും, മലയായിലും എത്തി ഏഷ്യൻ സംസ്കാരത്തിന്റെ ഒരു പ്രമുഖ ഘടകമായിത്തീർന്നു എങ്കിലും, പാശ്ചാത്യരാജ്യങ്ങളിൽ പ്രവേശിച്ചില്ല.

6—ാം നൂററാണ്ടുമുതൽ 13—ാം നൂററാണ്ടുവരെയുള്ള നെസ്തോറിയൻ ക്രിസ്തുമതത്തിന്റെ പ്രചരണമാണു ഈ രണ്ടു ജനവിഭാഗങ്ങളും തമ്മിൽ നേരിട്ടുള്ള സമ്പർക്കത്തിൽ വരുന്നതിനുള്ള ഏററവുമടുത്ത സമീപനം. എന്നാൽ നെസ്തോറിയൻ ക്രിസ്ത്യാനികൾ പാശ്ചാത്യരുമായി തികച്ചും ബന്ധമററവരായിരുന്നു. തന്നെയുമല്ല ഇസ്ലാംമതത്തിന്റെ ഉദയത്തോടുകൂടി നെസ്തോറിയൻക്രിസ്ത്യാനികൾ പൂർണ്ണമായും ഒററപ്പെടുത്തപ്പെടുകയും ചെയ്തു. ഇസ്ലാമിനും ഈ വിടവ് നികത്തുന്നതിനു ഒരിക്കലും സാധിച്ചില്ല. നേരേമറിച്ച് പാശ്ചാത്യരാജ്യങ്ങളിലെ ക്രിസ്ത്യാനികളും പൗരസ്ത്യരാജ്യങ്ങളിലെ ഹൈന്ദവ-ബുദ്ധമതക്കാരും തമ്മിലുള്ള വിടവ് ഇസ്ലാംവികസിപ്പിക്കുകയാണുണ്ടായതു്. അലക്സാണ്ടറുടേയും അശോകന്റേയും കാലത്തെപ്പോലെ 19—ാം ശതകത്തിന്റെ ആരംഭത്തിൽ പേർഷ്യൻഉൾക്കടലിന്റെ കിഴക്ക് 80 കോടി ജനങ്ങൾ ചിന്താഗതിയിലും മതത്തിലും സംസ്കാരത്തിലും യൂറോപ്പിലെ അനേകകോടി ജനങ്ങളിൽ നിന്നും വിഭിന്നരായി വേർതിരിക്കപ്പെട്ട സ്ഥിതിചെയ്തിരുന്നു.

19—ാം നൂററാണ്ടിൽ ബ്രിട്ടീഷുകാർ ബംഗാളിൽ കുടിയേറിത്താമസിച്ചതുമൂലം ഒടുവിൽ കിഴക്കും പടിഞ്ഞാറും തമ്മിൽ പരസ്പരം ഇടകലരാനുള്ള അവസരമുണ്ടായി. ആദ്യകാലങ്ങളിൽ ഇങ്ങനെയുള്ള മഹത്തായ ഒരവസരത്തെ നഖശിഖാന്തം എതിർത്തതുതന്നെ ആംഗ്ലോ ഇൻഡ്യാക്കാരായിരുന്നു. ഗവണ്മെൻറു നയത്തിന്റെ വീക്ഷണകോടിയിൽ നിന്നും പൗരസ്ത്യരാജ്യത്തെ പഴയ ആശയങ്ങളെ കലക്കുന്നതിനു അവർ ഉദ്ദേശിച്ചിരുന്നില്ല. പുതുതായി കണ്ടുപിടിക്കപ്പെട്ട സംസ്കൃതസാഹിത്യനിധിയാൽ ബ്രിട്ടീഷ് പണ്ഡിതന്മാരും ആകർഷിക്കപ്പെട്ടിരുന്നു. അവർ ക്രിസ്തുമതത്തിനോ പാശ്ചാത്യവിജ്ഞാനത്തിനോ പ്രകാശനം കൊടുക്കാതെ ഒരു തരത്തിൽ 'ബ്രാഹ്മണരാക്കപ്പെട്ടി'രുന്നു എന്നത്രെ ചരിത്രകാരനായ സീലി രേഖപ്പെടുത്തിയിരിക്കുന്നതു്.

എന്നാൽ ക്രമേണ ഈ വീക്ഷണഗതി മാറി വന്നു. പാശ്ചാത്യസംസ്കാരം സംബന്ധിച്ച പിന്നിട്ടു വന്ന മാററം മെക്കാളിയോടു കൂടിയായിരുന്നു. ഇംഗ്ലീഷുകാർ പരിഷ്കാരികളായും അദ്ധ്യാപകന്മാരായും സാഭിമാനം ഉറച്ചുനിൽക്കുന്നതിനു മെക്കാളി സഹായിച്ചു. പഴയ ബ്രിട്ടീഷ്സാമ്രാജ്യത്തിന്റെ ഒരു വഴിത്തിരിവായിട്ടാണ് മെക്കാളിയുടെ റിപ്പോർട്ട് അവശേഷിക്കുന്നതു്.

അതു് സംസ്കാരത്തിന്റെ ഒരു സ്ഥാപനമായിട്ടാണ് പരിഗണിക്കപ്പെടുന്നതു്. റോം യൂറോപ്പിൽ നിർവഹിച്ചതുപോലെയുള്ള ഒരു പ്രവർത്തനമാണ് ഈ റിപ്പോർട്ട് ഏഷ്യയിൽ ചെയ്തതെന്നു കാണാം.

(തുടരും)

I HAVE LEARNED THE SECRET

(By T. Paul Verghese)

II

In summary the elements that Paul would like the Philippians to nave in their attitude towards prosperity are three: First, truly acknowledge from your heart that every good and perfect gift is from God. Second, put this acknowledgement to the test by sharing it with those who have need. Third, do it not from a sense of duty, but with a genuine joy in the privilege to share.

But prosperity is not always the lot of man, not even of the Christian. He is not immune from adversity and want. In India there are many Who live on $ 6. 00 a month. In Korea, there are hundredsof Christians who have no home, no food, no protection against the cold But they are among the world's most joyous Christians. They have found the secret of facing want and adversity. Paul himself had discovered this secret.

But there are millions of people who are better off than the Korean Christians or the Apostle Paul from an economic standpoint, but are miserable and frustrated. In fact the general reaction of man to adversity is a perversion of what it ought to be

The first and most common response to adversity is that of rebellion and bitterness. What have I done, asks the sufferer, to merit all this? I have myself asked this question in times of extreme and prolonged suffering Or again, you might become so bitter against the kind of injustice and inequality that you see in life, that you deny the very existence of God. You can, like the communists, step into a program of hatred and destruction, in order to eradicate the evil as personified in certain institutions of society. Or you can put all of it into some sort of a scapegoat like the Jewish people, and exterminate them, as Hitler sought to do. Or again we can blame it all on the Fascists or the Communists and seek to annihilate them. Or you can wreak your Vengeance on society by becoming a criminal.

(I) It was the Apostle's lot to be subject to a great deal of suffering which could not be attributed to his own fault He could have blamed some group for the problems of the world and gone about running them down. In Fact that is what he did for many years of his life He thought the Christians were responsible for the problems in the Jewish religion, and so he went about persecuting them. But when he received the insight of faith, he realized that the very sufferings of Christ were the redemptive agency for the world. He no longer blamed anyone else. The Romans opposed him. Judaistic elements within and without the church opposed him. But he went on pre-

ഒൻപതു പുസ്തകങ്ങൾ

	രൂ.	ണ.	പൈ
സുന്നഹദോസുകൾ	1	0	0
മൂന്നു വിശ്വാസസത്യങ്ങൾ	0	8	0
,, വി. സി. അച്ചനും റോമാസഭയും (5 ണ സ്റ്റാമ്പയക്കുക)	0	4	0
ചേപ്പാട്ട മാർ ദീവന്നാസ്യോസ്	1	0	0
വിസിററ് സോവനീർ	1	0	0
വലിയനോമ്പിലെയും കഷ്ടാനുഭവ ആഴ്ച്ചയിലെയും നമസ്കാരക്രമം	2	8	0
കന്തീലായുടെ ക്രമം	1	0	0
മാർ ഇഗ്നാത്ത്യോസ് നൂഹദാ	0	10	0
കാതോലിക്കാ സിംഹാസന ചരിത്രം	1	8	0

ആവശ്യപ്പെടുക

കെ. വി. മാമ്മൻ. ചർച്ച്‌വീക്കിലി ആഫീസ്, കോട്ടയം.

M. RegNo 5268. Licence No 498:

ചർച്ചുവാർത്തകൾ

aching a positive message, and subjecting himself to the torments and taunts that his enemies imposed on him. He realized that the sufferings of this age are the raw material out of which mature Christian character is built up. This is the tremendous insight of the Cross. This is the first secret to be learned in facing want and suffering. As he says in his letter to the Roman Church: "More than that, we rejoice in our sufferings, knowing that suffering produces endurance and endurance produces character."

A second very common attitude towards suffering and injustice is one of fatalist resignation. Christians are often guilty of this. It is part of our inheritance from the Stoic tradition. Seneca and Epictetus taught that the real man is the one who can so detach himself from the suffering and sorrow of the world, that he is completely unmoved by it. The masses of India and China have a similar attitude towards life. Their poverty they take to be the result of some heavenly decree over which they have no control. The hindu would even attribute it to his own misdeeds in some past stage of existence, an inviolable law of action and reaction which he cannot resist. We hear many a Christian say in what is a mockery of the genuine Christian attitude: "This is my cross, I will bear it."

Such a mere detachment is not the Christian attitude towards want and suffering. The Apostle Paul could have given up his preaching the moment he was thrown into that Jail at Philippi. He could have borne it in stoic endurance. But he was really exulting in his suffering. He prayed, not in the spirit of resignation, but in the spirit of joy, a joy that spread to the other prisoners and the jailer. He could have found many excuses all along the way to indulge in a peculiar type of rationalisation common to many Christians. He could have thought "What is the use of my going through all this? Nobody seems to appreciate what I am doing. Why, God Himself seems to put obstacles in my way. Perhaps it is His will that I quit."

The Apostle Paul was neither rebellious nor resigned about suffering. His attitude was one of acknowledging suffering as from the hand of God, the stuff out of which mature Christian Character is built up. Instead of being a passive recipient of suffering, he set himself to work on the positive side, on the side of that one creative force for good, the Gospel of Jesus which is the power of God unto Salvation.

But there was a third element in the life of the Apostle which is crucial to this secret of facing poverty and suffering. This is the conviction that "I can do all things through him who strengtheneth me". The consciousness that in Christ one is secure and safe from all the vicissitudes of this life is the source of the courageous Christian testimony. This is the taproot of Christian joy. This was the factor which empowered our early fathers to lay down their lives for Christ's sake. When they were threatened with being burned alive or sawn asunder, cast to the wild animals or stoned to death, it was this awareness that death had no power over them because they belonged to the Lord of Life, that sent a glow into their faces and caused the conversion of the beholders. It is this triumphant creative transmutation of suffering not only into the stuff for upbuilding of character, but also into a radiant and transcendent joy that was the greatest vindication of the power of the Gospel.

What tremendous boast this is! I can do all things......Many have said it before. Nebuchednezzar and Napolean, Xerxes and Alexander, Hitler and Peron all have made similar boasts. We have seen the outcome of these boasts Their empires have all come to nothing, or will soon do so. But listen to this jailbird, hungry, weak, emaciated, persecuted, writing to the Philippians, ,I can do al things.....; but of course he does not stop there. He adds: "Through him that strengtheneth me." That is the secret of Christian joy. Neither the guilt of the past, the complexity of the present, nor the anxiety of the future holds any more threats for him who belongs to Jesus Christ. He is the one who has been declared to be the Son of God with power. He is the One into whose household we have been adopted as children.

This then, is the secret of facing want are suffering. Acknowledge suffering as a gift of God and use it to build mature character; get to work on the side of the positive gospel to eradicate suffering and sin which causes suffering. And then in the triumph of faith, transcend the vicissitudes of life and become master of circumstances by your strong faith in Jesus Christ. No room for rebellion, no place for passive resignation, no occasion for self-pity, but the Christian life is to be joy unspeakable. This is the testimony that can convince the world of the potency of God's gospel.

I have learned, in whatever state I am to be therewith content. I know how to be abased, and I know how to abound; in any and all circumstances I have learned the secret of facing plenty and hunger, abundance and want. I can do all things in him who strengthens me—And my God will supply every need of yours according to his riches in glory in Christ Jesus.

This is the secret of Paul's joy. This is the secret of the five hundred Korean Pastors who when they were marched off to the firing squad by the occupying North Korean troops, were able to go singing, "Onward Christian soldiers marching as to war, the Cross o Jesus going on before".

Plenty is from Him. Poverty is from Him. But in Christ is the secret of facing plenty and poverty. "MY God will supply every need of yours in according to the glorious riches of Christ Jesus. To our God and Father be glory forever and ever. Amen".

Printed and Published by N. M. Abraham B. A. at the Malayala Manorama Press, Kottayam.